സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനുള്ള
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2024 ഏപ്രിൽ 30 ചൊവ്വ ptnizar@rediffmail.com 9037319971 www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

പതഞ്ജലിയുടെ 14 ഉൽപന്നങ്ങളുടെ ലൈസൻസ് ഉത്തരാഖണ്ഡ് റദ്ദാക്കി

ഡെറാഡൂൺ: തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നൽകിയതിന് പിന്നാലെ പതഞ്ജലിയുടെ 14 ഉത്പന്നങ്ങളുടെ ലൈസൻസ് ഉത്തരാഖണ്ഡ് സർക്കാർ റദ്ദാക്കി. തെറ്റിദ്ധരിപ്പിക്കുന്ന പരസ്യ കേസുമായി ബന്ധപ്പെട്ട് പതഞ്ജലിയുടെ ദിവ്യ ഫാർമസി നിർമ്മിക്കുന്ന 14 ഉത്പന്നങ്ങളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തതായി ലൈസൻസിംഗ് അതോറിറ്റി സുപ്രിം കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ പറഞ്ഞു.

നിയമവിരുദ്ധമായ പരസ്യങ്ങൾ പ്രസിദ്ധീകരിച്ചാൽ പിഴയോ തടവോ അല്ലെങ്കിൽ രണ്ടും ഉൾപ്പെടെയുള്ള കർശനമായ അച്ചടക്ക നടപടികളും നിയമനടപടികളും നേരിടേണ്ടി വരുമെന്ന് അറിയിച്ച് സ്റ്റേറ്റ് ലൈസൻസിംഗ് അതോറിറ്റി ഒരു പൊതു അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് സത്യവാങ്മൂലത്തിൽ അറിയിച്ചു. സംസ്ഥാന ലൈസൻസിംഗ് അതോറിറ്റി, ആയുർവേദിക് ആൻഡ് യുനാനി സർവീസ് എന്നിവർ സമർപ്പിച്ച സത്യവാങ്മൂലത്തിൽ, ദിവ്യ ഫാർമസിക്കും പതഞ്ജലി ആയുർവേദ് ലിമിറ്റഡിനും എതിരെ പരാതി നൽകാൻ ഹരിദ്വാറിലെ ഡ്രഗ് ഇൻസ്പെക്ടർക്ക് ഏപ്രിൽ 12 ന് അനുമതി നൽകിയിട്ടുണ്ട്. ദിവ്യ ഫാർമസിയുടെ ദൃഷ്ടി ഐ ഡ്രോപ്പ്, സ്വസാരി ഗോൾഡ്, സ്വസാരി വതി, ബ്രോങ്കോം, സ്വസരി പ്രവാഹി, സ്വസാരി അവലേ, മുക്ത വതി എക്സ്ട്രാ പവർ, ലിപിഡോം, ബിപി ഗ്രിറ്റ്, മധുഗ്രിറ്റ്, മധുനാശിനി വാതി എക്സ്ട്രാ പവർ, ലിവാമൃത് അഡ്വാൻസ്, ലിവോഗ്രിറ്റ്, ഇയെ ഗോൾഡ് എന്നിവ നിരോധിച്ച ഉത്പന്നങ്ങളിൽ ഉൾപ്പെടുന്നു.

ബാബാ രാംദേവ്, ആചാര്യ ബാലകൃഷ്ണ, ദിവ്യ ഫാർമസി, പതഞ്ജലി ആയുർവേദ് ലിമിറ്റഡ് എന്നിവയ്ക്കെതിരെ ഹരിദ്വാറിലെ ജില്ലാ ആയുർവേദ, യുനാനി ഓഫീസർ ഹരിദ്വാറിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന് മുമ്പാകെ പരാതി നൽകിയിട്ടുണ്ട്. ദിവ്യ ഫാർമസിക്കും പതഞ്ജലി ആയുർവേദ് ലിമിറ്റഡിനും എതിരെ നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങളും സുപ്രിംകോടതി പുറപ്പെടുവിച്ച നിർദ്ദേശങ്ങളും അനുസരിച്ച് എല്ലാ തുടർ നടപടികളും തുടരുമെന്ന് സ്റ്റേറ്റ് ലൈസൻസിംഗ് അതോറിറ്റി അറിയിച്ചു.

തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നൽകിയതിന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ പതഞ്ജലിക്കെതിരെ സുപ്രിംകോടതിയെ സമീപിച്ചിരുന്നു. ആയുർവേദത്തെ ഉയർത്തിക്കാട്ടുന്നതിനായി പതഞ്ജലി പരസ്യങ്ങളിലൂടെ ആധുനിക വൈദ്യശാസ്ത്രത്തെ ഇകഴ്ത്തിക്കാട്ടുകയാണെന്നായിരുന്നു ഐം.എ.എയുടെ ആരോപണം. തുടർന്ന് പതഞ്ജലിക്കെതിരെ സുപ്രിംകോടതി രംഗത്തെത്തിയിരുന്നു. ബാബാ രാംദേവും പതഞ്ജലി ഗ്രൂപ്പ് എം.ഡി ആചാര്യ ബാലകൃഷ്ണയും നേരിട്ട് ഹാജരാകണമെന്നും കോടതി നിർദേശിച്ചു. ഇതിന് പിന്നാ??ലെ മാപ്പ് പറഞ്ഞ് സത്യവാങ്മൂലം സമർപ്പിക്കുകയും ചെയ്തു.

തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങളുമായി ബന്ധപ്പെട്ട കോടതിയലക്ഷ്യ കേസിൽ പതഞ്ജലി ആയുർവേദ് മാപ്പ് പറഞ്ഞുകൊണ്ട് പത്രത്തിൽ നൽകിയ ചെറിയ പരസ്യത്തിലും സുപ്രിംകോടതി അതൃപ്തി പ്രകടിപ്പിച്ചിരുന്നു. തെറ്റിദ്ധരിപ്പിക്കുന്ന അവകാശങ്ങൾ ഉൾപ്പെട്ട പരസ്യത്തിന്റെ അത്രയും വലിപ്പം ഉള്ളതായിരിക്കണം മാപ്പ് പറഞ്ഞുകൊണ്ടുള്ള അറിയിപ്പെന്നുമാണ് കോടതി വ്യക്തമാക്കിയത്. ആദ്യം നൽകിയ പരസ്യത്തിൻറെ അത്രയും വലുപ്പത്തിൽ മാപ്പ് നൽകിയാൽ ലക്ഷങ്ങൾ നൽകേണ്ടി വരുമെന്നായിരുന്നു പതഞ്ജലിയുടെ അഭിഭാഷകൻ മുകുൾ റോത്തഗി അറിയിച്ചത്. എന്നാൽ, തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾക്ക് ലക്ഷങ്ങൾ നൽകാമെങ്കിൽ എന്തുകൊണ്ട് മാപ്പ് പറഞ്ഞുകൊണ്ടുള്ള പരസ്യങ്ങൾക്കും അത്രയും തുക ചെലവഴിച്ച് കൂടായെന്ന് കോടതി ആരായുകയായിരുന്നു.

തുടർന്ന് വീണ്ടും പത്രങ്ങളിൽ മാപ്പ് പറഞ്ഞു പതഞ്ജലി പരസ്യം നൽകി. "നിരുപാധികം പരസ്യമായി മാപ്പ് പറയുന്നു. തെറ്റിദ്ധരിപ്പിക്കും വിധത്തിൽ പരസ്യം നൽകിയതിൽ മാപ്പുചോദിക്കുന്നു. ഇത്തരത്തിലുള്ള തെറ്റായപ്രവണത ഇനി ഒരിക്കലും ആവർത്തിക്കില്ല" എന്നായിരുന്നു പുതിയ മാപ്പ് പരസ്യം.

കോവിഷീൽഡിന് ഗുരുതര പാർശ്വഫലങ്ങൾ

തുറന്നുസമ്മതിച്ച് നിർമാതാക്കൾ

ലണ്ടൻ: കോവിഡ് പ്രതിരോധ വാക്സിനായ കോവിഷീൽഡിന് ഗുരുതര പാർശ്വഫലങ്ങളുണ്ടെന്ന് സമ്മതിച്ച് നിർമാതാക്കളായ അസ്ട്രസെനക കമ്പനി. അപൂർവ സന്ദർഭങ്ങളിൽ രക്തം കട്ടപിടിക്കുന്നതിനും പ്ലേറ്റ്‌ലെറ്റ് എണ്ണം കുറയുന്നതിനും കാരണമാകുന്ന അവസ്ഥയ്ക്ക് കോവിഷീൽഡ് കാരണമാകുമെന്ന് കമ്പനി വ്യക്തമാക്കിയതായി ദി ടെലിഗ്രാഫ് റിപ്പോർട്ട് ചെയ്യുന്നു.

മഹാമാരി സമയത്ത് ബ്രിട്ടീഷ് ഫാർമസ്യൂട്ടിക്കൽ കമ്പനിയായ അസ്ട്രസെനകയും ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയും ചേർന്ന് വികസിപ്പിച്ചെടുത്തതാണ് കോവിഷീൽഡ്. വാക്സിൻ മരണത്തിനും ഗുരുതര പാർശ്വഫലങ്ങൾക്കും കാരണമായെന്ന് കാണിച്ച് യുകെയിൽ നിരവധി പേർ കോടതിയെ സമീപിച്ചിരുന്നു. യുകെ ഹൈക്കോടതിയിൽ ഫയൽ ചെയ്ത 51 കേസുകളിലെ ഇരകൾ 100 ദശലക്ഷം പൗണ്ട് വരെ നഷ്ടപരിഹാരം ആവശ്യപ്പെടുന്നുണ്ട്. യുകെ സർക്കാർ ഇതുവരെ വിഷയത്തിൽ ഇടപെടാൻ തയ്യാറായിട്ടില്ല.

2021 ഏപ്രിലിൽ താൻ വാക്സിൻ സ്വീകരിച്ചെന്നും പിന്നാലെ രക്തം കട്ടപിടിച്ചെന്നും മസ്തിഷ്കാഘാതമുണ്ടായെന്നും കേസിലെ ആദ്യ പരാതിക്കാരനായ ജാമി സ്കോട്ട് ആരോപിച്ചിരുന്നു.ജോലി ചെയ്യാൻ തനിക്ക് സാധിച്ചില്ലെന്നും താൻ മരിക്കാൻ പോവുകയാണെന്ന് ആശുപത്രി അധികൃതർ മൂന്നു തവണ തൻറെ ഭാര്യയോട് പറഞ്ഞിട്ടുണ്ടെന്നും ജാമി വ്യക്തമാക്കുന്നു. അസ്ട്രസെനക ഈ ആരോപണങ്ങളെല്ലാം നിഷേധിച്ചിരുന്നു. എന്നാൽ അപൂർവമായ മസ്തിഷ്കാഘാതം, ഹൃദയാഘാതം എന്നിവക്ക് കോവിഷീൽഡ് കാരണമാകാമെന്ന് ഫെബ്രുവരിയിൽ കോടതിയിൽ സമർപ്പിച്ച രേഖകളിൽ പറയുന്നു.

മണിപ്പൂരിൽ സ്ത്രീകളെ നഗ്നരാക്കി നടത്തിയതിൽ പൊലീസിന് ഗുരുതര വീഴ്ചയെന്ന് സിബിഐ

ഇംഫാൽ: മണിപ്പൂർ ചുരാചന്ദ് പൂരിൽ സ്ത്രീകളെ നഗ്നരാക്കി നടത്തിയതിൽ പൊലീസിന്റെ ഭാഗത്ത് ഗുരുതരമായ വീഴ്ച യെന്ന് സി.ബി.ഐ കുറ്റപത്രം. കുറ്റകൃത്യം നടക്കുമ്പോൾ പൊലീസ് സംഭവസ്ഥലത്ത് ഉണ്ടായിരുന്നുവെന്നും ഇരകൾ സഹായം തേടിയിട്ടും പൊലീസ് സഹായിച്ചില്ലെന്നും കുറ്റപത്രത്തിൽ പറയുന്നു.

വീടുകൾ കത്തിച്ചു മുന്നേറിയ അക്രമി സംഘത്തെ കണ്ട് നിരവധി കുടുംബങ്ങൾ കാട്ടിലൊളിക്കുകയായിരുന്നു. എന്നാൽ വലിയ കോടാലികൾ ഉപയോഗിച്ച് കാടുകളിൽ നിന്ന് ഇവരെ പുറത്തെത്തിക്കുകയും സംഘങ്ങളായി തിരിഞ്ഞ് സ്ത്രീകൾ ഉൾപ്പടെയുള്ളവരെ അപമാനിക്കുകയായിരുന്നു. രണ്ട് സ്ത്രീകളെയും പിതാവിനെയും അക്രമി സംഘം അപമാനിച്ചു. സ്ത്രീകളെ നഗ്നരാക്കി റോഡിലൂടെ നടത്തുകയും ചെയ്തു.കുക്കി-സോമി വിഭാഗത്തിൽപ്പെട്ട രണ്ട് സ്ത്രീകളെ ജനക്കൂട്ടം നഗ്നരായി റോഡിലൂടെ നടത്തിക്കുകയും ലൈംഗികമായി പീഡിപ്പിക്കുകയും ചെയ്യുന്നതിന് തൊട്ടുമുമ്പ് ഇവർ പൊലീസ് വാഹനത്തിൽ കയറി അഭയം തേടിയിരുന്നു. പൊലീസ് ജിപ്സിയിൽ കയറിയ സ്ത്രീകൾ ആൾക്കൂട്ടത്തിൽ നിന്ന് രക്ഷിക്കൂ എന്ന് പറഞ്ഞ് കരഞ്ഞപേക്ഷിച്ചിട്ടും വാഹനത്തിന്റെ താക്കോൽ കളഞ്ഞുപോയെന്നായിരുന്നിരുന്നു പൊലീസിന്റെ മറുപടിയെന്നും കുറ്റപത്രത്തിൽ പറയുന്നു.

തുടർന്ന്, അവിടെയുണ്ടായിരുന്ന എല്ലാ പൊലീസുകാരും സ്ഥലം കാലിയാക്കി.പിന്നാലെ എത്തിയ അക്രമി സംഘം ഇവരെ വീണ്ടും റോഡിലൂടെ നടത്തിക്കുകയായിരുന്നുവെന്നും കുറ്റപത്രത്തിലുണ്ട്. കേസിൽ ആറ് യുവാക്കളെയും പ്രായപൂർത്തിയാകാത്തയാളെയുമാണ് പൊലീസ് കസ്റ്റഡിയിലെടുത്തിരിക്കുന്നത്.

ആലപ്പുഴയും കോഴിക്കോടുമടക്കം 4 ജില്ലകളിൽ ഉഷ്ണതരംഗ മുന്നറിയിപ്പ്

തിരുവനന്തപുരം: സംസ്ഥാനത്തെ നാല് ജില്ലകളിൽ ഉഷ്ണതരംഗ മുന്നറിയിപ്പ്. പാലക്കാട്, തൃശൂർ ജില്ലകൾക്ക് പുറമേ ആലപ്പുഴ, കോഴിക്കോട് ജില്ലകളിലും വരുന്ന മൂന്ന് ദിവസത്തേക്കാണ് മുന്നറിയിപ്പ് നൽകിയിരിക്കുന്നത്. പാലക്കാട് ജില്ലയിൽ നിലവിലുള്ള ഓറഞ്ച് അലർട്ട് തുടരും. മറ്റു ജില്ലകളിൽ യെല്ലോ അലർട്ടും നൽകിയിട്ടുണ്ട്.ഇന്നലെ കൊല്ലം ജില്ലയിലും ഉഷ്ണതരംഗ മുന്നറിയിപ്പുണ്ടായിരുന്നെങ്കിലും ഇന്ന് മുന്നറിയിപ്പിൽ മാറ്റമുണ്ട്. 11 മണി മുതൽ 3 മണി വരെയുള്ള വെയിൽ കൊള്ളാതിരിക്കാൻ പരമാവധി ശ്രദ്ധിക്കണമെന്നാണ് ആരോഗ്യവകുപ്പും കാലാവസ്ഥാ കേന്ദ്രവും നൽകുന്ന മുന്നറിയിപ്പ്.

ഇടുക്കി, വയനാട് ഒഴികെയുള്ള 12 ജില്ലകളിലാണ് നിലവിൽ യെല്ലോ മുന്നറിയിപ്പ് ഉള്ളത്. മെയ് 3 വരെ സമാന സാഹചര്യം തുടരുമെന്ന് കാലാവസ്ഥാ കേന്ദ്രം അറിയിക്കുന്നു.

വാഹനം ബസിന് കുറുകെ ഇട്ടിരിക്കുന്ന ദൃശ്യം പുറത്ത്; ഡ്രൈവറുമായുള്ള തർക്കത്തിൽ മേയറുടെ വാദം പൊളിയുന്നു

തിരുവനന്തപുരം: കെ.എസ്.ആർ.ടി.സി ഡ്രൈവറുമായുള്ള തർക്കത്തിൽ മേയർ ആര്യാ രാജേന്ദ്രന്റെ വാദം പൊളിയുന്നു. കെഎസ്ആർടിസി ബസ് തടഞ്ഞ് വാഹനം കുറുകെ ഇട്ടിട്ടില്ല എന്നാണ് മേയർ പറഞ്ഞത്. എന്നാൽ വാഹനം ബസിന് കുറുകെ ഇട്ടിരിക്കുന്ന ദൃശ്യം പുറത്തുവന്നു.

പാളയം സാഫല്യം കോംപ്ലക്സിനു മുന്നിലാണ് ബസ് തടഞ്ഞത്. കാർ നിർത്തിയിട്ടത് സീബ്ര ലൈനിലാണ്. സിഗ്നലിൽ ബസ് നിർത്തിയപ്പോഴാണ് സംസാരിച്ചതെന്ന മേയറുടെ വാദം പൊളിയുന്നതായി തെളിയിക്കുന്നതാണ് ഇപ്പോൾ പുറത്തു വന്ന ദൃശ്യം തെളിയിക്കുന്നത്.

ഡ്രൈവർ അസഭ്യമായി ലൈംഗിക ചുവയോടുകൂടി ആംഗ്യം കാണിച്ചെന്ന് മേയർ മാധ്യമങ്ങളോടു പറഞ്ഞു. ഡ്രൈവർ ലഹരി ഉപയോഗിച്ചിരുന്നു. ഒരു കാര്യവും സംസാരിക്കാൻ അയാള് തയ്യാറായില്ല. പൊലീസ് എത്തിയപ്പോൾ മാത്രമാണ് ഡ്രൈവർ മാന്യമായി സംസാരിച്ചത്. വാഹനത്തിന് സൈഡ് തരാത്തതുമായി ബന്ധപ്പെട്ട പ്രശ്നമായി മാത്രം ഇതിനെ കാണരുത്.

പ്രൈവറ്റ് വാഹനം അമിത വേഗതയിൽ ഓടിച്ചതിന് 2022 ൽ കേസുണ്ട്. പേരൂർക്കട സ്റ്റേഷനിലും 2017 ൽ ഇയാൾക്കെതിരെ മറ്റൊരു കേസ് ഉണ്ടെന്നും ആര്യാ പറഞ്ഞു. ബസിന് മുന്നിൽ കാർ കൊണ്ടിട്ടു. സിഗ്നലിൽ നിർത്തിയപ്പോഴാണ് കാറിട്ടത്. അപ്പോഴാണ് ഡ്രൈവറോട് സംസാരിച്ചത്. കുറുകെയാണോ എന്നറിയില്ലെന്നുമാണ് മേയർ രാവിലെ മാധ്യമങ്ങളെ കണ്ടപ്പോൾ പറഞ്ഞത്.

ബസ് തടഞ്ഞിട്ടില്ലെന്നായിരുന്നു ഇന്നലെ മേയറുടെ വാദം.അതേസമയം, മേയറുടെ ആരോപണങ്ങൾ തള്ളി ഡ്രൈവർ യദു രംഗത്തെത്തി. മേയർ ഉന്നയിച്ച ആരോപണം വ്യാജമാണെന്നും ആരോപണം രാഷ്ട്രീയ പ്രേരിതമെന്നും യദു പറഞ്ഞു.

താൻ ലൈംഗിക ചുവയോടെയുള്ള ആംഗ്യം കാണിച്ചിട്ടില്ല. ലഹരിപദാർത്ഥം ഉപയോഗിച്ചില്ല. എം.എൽ.എ സച്ചിൻ ദേവ് മോശമായി പെരുമാറുകയും മേയർ കാണിച്ചത് തോന്നിവാസമെന്നും ഡ്രൈവർ ആരോപിച്ചു.

വരുന്നു, പവർ കട്ട്

തിരുവനന്തപുരം: വൈദ്യുതി ഉപയോഗം നിയന്ത്രിച്ചില്ലെങ്കിൽ വലിയ പ്രശ്നത്തിലേക്ക് പോകുമെന്ന് വൈദ്യുതി മന്ത്രി കെ. കൃഷ്ണൻകുട്ടി. പീക് മണിക്കൂറുകളിൽ അമിതമായ ലോഡ് വരുന്നതാണ് പവർ കട്ടിനു കാരണം. ജീവനക്കാരെ ഭീഷണിപ്പെടുത്തിയിട്ട് കാര്യമില്ലെന്നും മന്ത്രി കൂട്ടിച്ചേർത്തു. കൂടുതൽ ഡാമുകൾ നിർമ്മിക്കാതെ സംസ്ഥാനത്തെ വൈദ്യുത ക്ഷമം പരിഹരിക്കാൻ ആവില്ലെന്ന് പറഞ്ഞ മന്ത്രി ജലവൈദ്യുത പദ്ധതികളോടുള്ള ആളുകളുടെ മനോഭാവം മാറണമെന്നും ആവശ്യപ്പെട്ടു.

എല്ലാ റെക്കോഡുകളും മറികടന്ന് വൈദ്യുതി ഉപഭോഗം കുതിച്ചുകയറിയതോടെ, ഇനി പവർ കട്ട് ഇല്ലാതെ മറ്റ് മാർഗമില്ലെന്നാണ് കെഎസ്ഇബി നിലപാട്. പലയിടത്തും വൈദ്യുതി വിതരണം ഇടയ്ക്ക് ഇടയ്ക്ക് തടസ്സപ്പെടുന്നതിന് കാരണം, ഓവർ ലോഡ് തങ്ങാനാകാത്ത താണ് എന്നാണ് കെഎസ്ഇബി വിശദീകരണം.

അമിത ലോഡ് കാരണം ഇതുവരെ 700 ലധികം ട്രാൻസ്ഫോർമറുകൾക്ക് തകരാറ് സംഭവിച്ചു. ഫീഡറുകളിൽ തടസം നേരിടുന്നുണ്ട്.

പീക്ക് സമയത്ത് വൈദ്യുതി വിതരണം കടുത്ത പ്രതിസന്ധിയിലാണ്. സാഹചര്യം ചർച്ച ചെയ്യാൻ നാളെ കെഎസ്ഇബി ഉന്നതതല യോഗം ചേരും.

ഏപ്രിൽ 9ലെ റെക്കോർഡാണ് ഇന്നലെ പിന്നിട്ടത്. ഇന്നലെ 11.31 കോടി യൂണിറ്റാണ് ഉപയോഗിച്ചത്. പീക്ക് സമയത്തെ വൈദ്യുതി ആവശ്യകത 5646 മെഗാവാട്ട് ആയി ഉയർന്നു. കൊടും ചൂട് തുടരുന്നതിനാൽ അടുത്തൊന്നും വൈദ്യുതി ഉപഭോഗത്തിൽ കുറവ് പ്രതീക്ഷിക്കുന്നില്ല.

ഗസ്സ: പ്രക്ഷോഭത്തിൽ നിന്ന് മാറാതെ കൊളംബിയ സർവകലാശാലയിലെ വിദ്യാർഥികൾ

ന്യൂയോർക്ക്: അമേരിക്കയിലെ ഇസ്രായേൽ വിരുദ്ധ പ്രക്ഷോഭത്തിന്റെ 'പ്രഭവകേന്ദ്രമായ' കൊളംബിയ സർവകലാശാലയിൽ കടുത്ത നടപടിക്കൊരുങ്ങിയിട്ടും മാറാതെ വിദ്യാർഥികൾ. പ്രതിഷേധത്തിന്റെ ഭാഗമായി സർവകലാശാല വളപ്പിലൊരുക്കിയ ടെന്റുകൾ പൊളിച്ചുനീക്കാൻ അധികൃതർ സമയപരിധി കൊടുത്തിട്ടും വിദ്യാർഥികൾ അനങ്ങിയിട്ടില്ല.

പ്രക്ഷോഭം അവസാനിപ്പിക്കാൻ സർവകലാശാല അധികൃതർ എല്ലാ വഴികളും സ്വീകരിക്കുകയാണ്. പ്രക്ഷോഭത്തിൽ പങ്കെടുത്ത വിദ്യാർഥികളെ കൊളംബിയ സർവകലാശാ സസ്പെൻഡ് ചെയ്ത് തുടങ്ങി. വിദ്യാർത്ഥി സംഘടനകളും അക്കാദമിക് നേതാക്കളും തമ്മിൽ ദിവസങ്ങളോളം നടത്തിയ ചർച്ചകൾ പരാജയപ്പെട്ടുവെന്ന് യൂണിവേഴ്സിറ്റി പ്രസിഡന്റ് നെമത് മിനോഷ് ഷാഫിഖ് പ്രസ്താവനയിൽ പറഞ്ഞു.

പ്രതിഷേധവുമായി ബന്ധപ്പെട്ട് കൊളംബിയയിൽ എപ്രിൽ 18ന് 100 വിദ്യാർഥികളെ അറസ്റ്റ് ചെയ്തിരുന്നു.

ഗസ്സ നിവാസികൾക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ചാണ് വിദ്യാർഥികൾ സർവകലാശാല ക്യാമ്പസിൽ ടെന്റുകൾ നിർമിച്ചത്. ഗസ്സക്കാർ ടെന്റുകളിലാണ് കഴിയുന്നതെന്നും ആ ദുരിതം വിവരിക്കുകയാണ് ചെയ്യുന്നതെന്നുമാണ് വിദ്യാർഥികൾ പങ്കുവെക്കുന്നത്. ഇതിനിടെയാണ് ടെന്റുകൾ പൊളിച്ച് നീക്കാൻ അധികൃതർ വിദ്യാർഥികളോട് ആവശ്യപ്പെട്ട്. ഇതിന് സമയപരിധിയും നിശ്ചയിച്ചു. അല്ലെങ്കിൽ കടുത്ത അച്ചടക്ക നടപടി നേരിടേണ്ടിവരുമെന്ന മുന്നറിയിപ്പും നൽകി. എന്നാൽ സമയപരിധി കഴിഞ്ഞിട്ടും പ്രക്ഷോഭവുമായി മുന്നോട്ട് പോകുകയാണ് വിദ്യർഥികൾ.

"34,000ത്തിലധികം ഫലസ്തീനികളുടെ മരണവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇത്തരത്തിലുള്ള ഭീഷണികൾക്കൊന്നും അർഥമില്ലെന്ന് ഒരു വിദ്യാർഥി പ്രതികരിച്ചു. പ്രക്ഷോഭം അവസാനിപ്പിക്കാൻ കൊടുത്ത സമയപരിധി കഴിഞ്ഞതിന് ശേഷമായിരുന്നു ആ വിദ്യാർഥിയുടെ പ്രതികരണം. ഞങ്ങളുടെ ആവശ്യങ്ങൾ നിറവേറുന്നത് വരെ പിന്നോട്ടില്ലെന്നും പേര് വെളിപ്പെടുത്താനാഗ്രഹിക്കാത്ത ആ വിദ്യാർഥി പറഞ്ഞു.

കാമ്പസിൽ സുരക്ഷ ഉറപ്പാക്കാനുള്ള ശ്രമങ്ങളുടെ ഈ അടുത്ത ഘട്ടം എന്ന നിലയ്ക്ക് പ്രക്ഷോഭത്തിൽ പങ്കെടുക്കുന്ന വിദ്യാർഥികളെ സസ്പെൻഡ് ചെയ്യുന്ന നടപടിയിലേക്ക് പ്രവേശിക്കുകയാണെന്ന് കൊളംബിയ കമ്മ്യൂണിക്കേഷൻസ് വൈസ് പ്രസിഡന്റ് ബെൻ ചാങ് വ്യക്തമാക്കി. സസ്പെൻഷൻ, അക്കാദമിക് ഇടങ്ങളിൽ അയോഗ്യത എന്നിവയൊക്കെയാണ് വിദ്യാർഥികൾക്ക് മേൽ സർവകലാശാല എടുക്കുക.

അതേസമയം അമേരിക്കയിലെ മറ്റു സർവകലാശാലകളിലും ഇസ്രായേൽ വിരുദ്ധ പ്രക്ഷോഭം അടങ്ങാതെ മുന്നോട്ടുപോകുകയാണ്. ഓസ്റ്റിനിലെ ടെക്സാസ് സർവകലാശാലയിൽ, തിങ്കളാഴ്ച പ്രതിഷേധക്കാരുമായി പൊലീസ് ഏറ്റുമുട്ടി. വിദ്യാർഥികൾക്ക് നേരെ കുരുമുളക് സ്പ്രേ പ്രയോഗിച്ചു. ടെന്റുകളൊന്നും അനുവദിക്കില്ലെന്ന് ടെക്സസ് ഗവർണർ ഗ്രെഗ് ആബട്ട് സോഷ്യൽ വ്യക്തമാക്കി. ലംഘിക്കുന്ന പക്ഷം അറസ്റ്റുകൾ മുറപോലെ നടക്കുമെന്നും അദ്ദേഹം പറഞ്ഞു. പ്രക്ഷോഭവുമായി ബന്ധപ്പെട്ട് അമേരിക്കയിലുടനീളം നിരവധി പേരെ കരുതൽ തടങ്കിലിലാക്കിയിട്ടുണ്ടെന്നാണ് വിവരം.

വയനാട് മാവോയിസ്റ്റ്– പൊലീസ് ഏറ്റുമുട്ടൽ

വയനാട് തലപ്പുഴ കമ്പമലയിൽ മാവോയിസ്റ്റ് തണ്ടർബോൾട്ട് ഏറ്റുമുട്ടൽ. പുലർച്ചെ പ്രദേശത്ത് തെരച്ചിൽ നടത്തുന്നതിനിടെ ആയിരുന്നു ഏറ്റുമുട്ടൽ. 9 റൗണ്ട് വെടിവെയ്പുണ്ടായി. തെരഞ്ഞെടുപ്പിന്റെ കൊട്ടിക്കലാശം നടന്ന ദിവസം രാവിലെ രണ്ട് മാവോയിസ്റ്റുകൾ ഇവിടെ വരികയും വോട്ടെടുപ്പ് ബഹിഷ്കരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. തൊട്ടുപിന്നാലെ മുതൽ തണ്ടർബോൾട്ട് പ്രദേശത്ത് തെരച്ചിൽ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. എന്നാൽ തെരഞ്ഞെടുപ്പായതിനാൽ തെരച്ചിൽ കാര്യക്ഷമമായി നടത്താൻ സാധിച്ചില്ല. അതിനിടയിലാണ് സമീപത്ത് ഇവരുടെ സാന്നിദ്ധ്യമുണ്ടെന്ന് ഉറപ്പാക്കിയ തണ്ടർബോൾട്ട് ഇന്നലെ രാത്രിയും ഇന്ന് പുലർച്ചെയുമായി പരിശോധന നടത്തിയത്. തുടർന്നാണ് ഇപ്പോൾ ഏറ്റുമുട്ടലുണ്ടായിരിക്കുന്നത്.

ഓട്ടോ ഡ്രൈവറെ വെട്ടിക്കൊന്ന സംഭവം; പ്രതി അറസ്റ്റിൽ

കോഴിക്കോട്: കോഴിക്കോട് പണിക്കർ റോഡിൽ ഓട്ടോ ഡ്രൈവർ ആയ ശ്രീകാന്തിനെ വെട്ടിക്കൊന്ന കേസിൽ പ്രതി അറസ്റ്റിൽ. വെള്ളയിൽ സ്വദേശി ധനീഷ് ആണ് അറസ്റ്റിലായത്. ഇന്നലെ വൈകുന്നേരം വീട്ടിൽ വച്ച് കസ്റ്റഡിയിൽ എടുക്കുകയായിരുന്നു കൊലപാതകത്തിന് തലേദിവസം ശ്രീകാന്തിന്റെ കാർ കത്തിച്ചതും പ്രതി ധനീഷാണ്. പ്രതിയുടെ അമ്മയോട് ശ്രീകാന്ത് അപമര്യാദയായി പെരുമാറിയതാണ് വൈരാഗ്യത്തിന് കാരണമെന്നാണ് സൂചന. നേരത്തെ കൊലപാതക കേസിൽ പ്രതിയായ ആളാണ് കൊല്ലപ്പെട്ട ശ്രീകാന്ത്.

ഇന്നലെ പുലർച്ചയാണ് സംഭവം. വീടിനു സമീപത്തെ പണിക്കർ റോഡിൽ വച്ചാണ് 47 കാരനായ ശ്രീകാന്ത് കൊല്ലപ്പെട്ടത്. രാവിലെ ക്ഷേത്രത്തിലേക്ക് പോകുകയായിരുന്ന സ്ത്രീകളാണ് ആദ്യം കണ്ടത്. തുടർന്ന് നാട്ടുകാരെ വിവരമറിയിച്ചു. കഴിഞ്ഞ ദിവസം ശ്രീകാന്തിന്റെ കാർ ചിലർ തീ വെച്ച് നശിപ്പിച്ചിരുന്നു. കൊലപാതകം നടത്തിയ ധനേഷ് തന്നെയാണ് ഇതിന് പിന്നിലെന്നും പൊലീസ് വ്യക്തമാക്കി. ഇതിൽ പോലീസ് അന്വേഷണം തുടരുന്നതിനിടെയിലാണ് കൊലപാതകം. കുണ്ടുപറമ്പ് പ്രഭാകരൻ വധക്കേസിലെ പ്രതിയാണ് ശ്രീകാന്ത്. സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ചാണ് പൊലീസ് അന്വേഷണം ഊർജ്ജിതമാക്കിയത്.

ഒരേയൊരിന്ത്യ, ഒരായിരം രുചികൾ "ദി ഗ്രേറ്റ് ഇന്ത്യൻ ഫുഡ് ആർട്ട്24"

കോഴിക്കോട് : ഇന്ത്യൻ ഭക്ഷ്യവൈവിദ്ധ്യങ്ങളുടെ സമൃദ്ധി ആഘോഷിക്കുന്ന, രുചിയുടെ ബഹുസ്വരതകളിൽ ഐക്യത്തിന്റെ പെരുമ ഉൾക്കൊള്ളുന്ന മഹാരുചിമാമാങ്കത്തിന് കോഴിക്കോട് നഗരം ആതിഥേയത്വം വഹിക്കാനൊരുങ്ങുന്നു.

ഇന്ത്യയുടെ വടക്ക് കാശ്മീർ മുതൽ തെക്ക് കേരളം വരെ പരന്നു കിടക്കുന്ന, ഇരുപത്തിയഞ്ച് പ്രധാന നഗരങ്ങളിൽ നിന്നുള്ള പാചക കലാകാരന്മാർ തയ്യാറാക്കുന്ന പരമ്പരാഗതവും നൂതനവുമായ രുചികളുടെ പ്രദർശിപ്പിക്കുന്ന വേദിയാണ് 'ഗ്രേറ്റ് ഇന്ത്യൻ ഫുഡ് ആർട്ട് 24'.

കാലിക്കറ്റ് ട്രേഡ് സെന്ററിൽ മെയ് 3 മുതൽ 12 വരെ നടക്കുന്ന സ്വാദിന്റെ ഈ മഹാസർഗവൈഭവം ഒരുക്കിയിരിക്കുന്നത് "ഈറ്റോപ്പിയ ഇവന്റേഴ്സ് ', "ഗ്രേറ്റർ മലബാർ ഇനീഷ്യേറ്റീവ്" എന്നിവർ ചേർന്നാണ്.



പൊതുമരാമത്ത് - ടൂറിസം വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ് ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്യും. തുടർന്നുള്ള ദിവസങ്ങളിൽ എം പിമാർ, എം എൽ എമാർ, മറ്റ് ജനപ്രതിനിധികൾ, സാമൂഹിക സാംസ്കാരിക നല്ല രംഗത്തെ പ്രമുഖർ തുടങ്ങിയവർ പങ്കെടുക്കും.

കേവലമൊരു ഫുഡ് ഫെസ്റ്റിവൽ എന്നതിനപ്പുറം വ്യത്യസ്തസംസ്കാരങ്ങളെ ഒരുമിപ്പിക്കാനുള്ള ഭക്ഷണത്തിന്റെ ശക്തിയെ അടിവരയിട്ടുറപ്പിക്കാനാണ് പരിപാടിയിലൂടെ തങ്ങൾ ശ്രമിക്കുന്നത് എന്ന് മുഖ്യസംഘാടകരായ 'ഈറ്റോപ്യ ഇവന്റേഴ്സിന്റെ' ഡയറക്ടർ മുഹമ്മദ് ഹനീഫ വ്യക്തമാക്കി.

കാശ്മീർ, ഡൽഹി, ലഖ്നൗ, ഹൈദരാബാദ്, കൊൽക്കത്ത, ഭഗൽപൂർ, ഹരിദ്വാർ, അമൃത്സർ, ഭോപ്പാൽ, ജയ്പൂർ, ചമ്പാരൻ, ലക്ഷദ്വീപ്, അഹമ്മദാബാദ്, രാംപൂർ, അംരോഹ, അലിഗഡ്, മലേർകോട്ല തുടങ്ങി ഇന്ത്യയിലെ പ്രധാന നഗരങ്ങളിലെ രുചിമാന്ത്രികർ പരിപാടിയുടെ ഭാഗമായി കോഴിക്കോടെത്തുന്നുണ്ട് എന്നും അദ്ദേഹം പറഞ്ഞു.

വിനോദസഞ്ചാരത്തിന്റെ ലോക ഭൂപടത്തിൽ ഇന്ത്യയെ ഭക്ഷണത്തെ മുൻനിർത്തി സവിശേഷമായി അടയാളപ്പെടുത്താനും ഇന്ത്യൻ ഭക്ഷണ വൈവിധ്യങ്ങളുടെ തനിമ ചോരാതെയുള്ള ആസ്വാദനം സാധ്യമാക്കാനുമാണ് പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത് എന്ന്

മറ്റൊരു സംഘാടകരായ ജി.എം.ഐ പ്രസിഡന്റ് പി സി അബ്ദുൽ റഷീദ് പറഞ്ഞു.

ഇന്ത്യയിലെ നാനാകോണിലെയും വ്യത്യസ്ത പാചക രീതികളെയും ഭക്ഷണസംസ്കാരങ്ങളെയും ഒരു കുടക്കീഴിൽ അണിനിരത്തുന്നതിലൂടെ രാജ്യത്തിന്റെ മഹത്തായ ഭക്ഷണ പാരമ്പര്യത്തെ ആഘോഷിക്കാനും വ്യത്യസ്ത പ്രദേശങ്ങൾ തമ്മിൽ ഭക്ഷണവുമായി ബന്ധപ്പെട്ടുണ്ടായ കൊടുക്കൽ വാങ്ങലുകളെ ഉയർത്തിക്കാട്ടാനുമാണ് പരിപാടി ലക്ഷ്യമിടുന്നത് എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ആദിവാസി സമൂഹത്തിന് ഭൂമി വിതരണം ചെയ്യണം; ബദറുദ്ദീൻ ഗുരുവായൂർ

കോഴിക്കോട്:വയനാട്ടിൽ വനം വകുപ്പിന് കീഴിലുള്ള തരിശ് ഭൂമി, കിടപ്പാടത്തിനു വേണ്ടി കുടിലുകൾ കെട്ടി മാസങ്ങളായി സമരം ചെയ്യുന്ന ആദിവാസി സമൂഹത്തിന് വിതരണം ചെയ്യണമെന്ന് ബദറുദ്ദീൻ ഗുരുവായൂർ സർക്കാരിനോട് ആവശ്യപ്പെട്ടു.

ആദിവാസി സമൂഹത്തോടുള്ള ഗവൺമെന്റ് സമീപനം അത്യന്തം പ്രതിഷേധാർഹമാണെന്നും ഏകതാപരിഷത്തിന്റെ നേതൃത്വത്തിൽ ഗാന്ധിയൻ മാർഗ്ഗത്തിൽ സമരം ശക്തമാക്കുമെന്നും ബദറുദ്ദീൻ ഗുരുവായൂർ അഭിപ്രായപ്പെട്ടു.

ഗുരുവായൂർ മലേഷ്യൻ ടവർ ഓഡിറ്റോറിയത്തിൽ ഏകതാ പരിഷത്ത് തൃശൂർ ജില്ലാ നിർവ്വാഹക സമിതിയോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു കൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രമുഖ ഗാന്ധിയൻ കെ.എ.ഗോവിന്ദൻ യോഗംഉദ്ഘാടനം ചെയ്തു.

ആരാണീ ഗാന്ധി എന്ന ചോദ്യമുയരുന്ന ഇക്കാലത്ത്, രാഷ്ട്രത്തിന്റെ ഭാവി വിധാതാക്കളായ വിദ്യാർത്ഥികളിൽ ഗാന്ധിയൻ ആദർശ പ്രചരണാർത്ഥം, യു.പി.,എച്ച് എസ്, എച്ച് എസ്.എസ്. തലത്തിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന ഗാന്ധി സാഹിത്യ ക്വിസ് പ്രോഗ്രാമിന് മെയ് രണ്ടാം വാരത്തിൽ തുടക്കമാവുമെന്ന് ഏകതാ പരിഷത്ത് ജില്ലാ അദ്ധ്യക്ഷൻ ബദറുദ്ദീൻ ഗുരുവായൂർ പറഞ്ഞു. സംസ്ഥാനത്ത് ആദ്യമായാണ് ഒരു സന്നദ്ധ സംഘടന ജില്ലാ തലത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി ഇത്തരമൊരു പ്രശ്നോത്തരി മത്സരം സംഘടിപ്പിക്കുന്നത്.

നഗരസഭാ മുൻ ചെയർപെഴ്സൺ മെഴ്സിജോയ്,

ജോൺസൺ അവിണിശ്ശേരി, ആർ.വി.സി. ബഷീർ, പി.വി.ഷിഹാബ്, തുടങ്ങിയവർ സംസാരിച്ചു. സംസ്ഥാന നിർവ്വാഹക സമിതിയംഗം രമേഷ് മേത്തല, ലീല ഗുരുവായൂർ, അഭിരാമി കൃഷ്ണ, അരുൺകുമാർ ചാലക്കുടി, വി.എ.സുഷിൽകുമാർ തുടങ്ങിയവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

ചരമം

സന്തോഷ് കുമാർ

മലയമ്മ: പുള്ളനൂർ കല്ലിൽപുറത്ത് പരേതനായ കൃഷ്ണൻ കുട്ടി നായരുടെ മകൻ സന്തോഷ് കുമാർ (52) അന്തരിച്ചു. ഭാര്യ: സുനിത. മക്കൾ: ആദർശ്, അബിന. സഹോദര ങ്ങൾ: നാരായണൻ കുട്ടി, ശ്രീധരൻ, രാജൻ, സരോജിനി, ശാന്ത, മണി, കോമള.

ശേഖരൻ

മാനന്തവാടി: ചിറക്കര മംഗലത്ത് വീട്ടിൽ ശേഖരൻ (74) അന്തരിച്ചു. സം സ്കാരം ഇന്ന് 11ന് ചിറക്കര ഹിന്ദു ശ്മശാന ത്തിൽ. ഭാര്യ: ശാരദ. മക്കൾ: ഷീജ, ഷാജി, സതീശൻ.

സുബൈദ

കോഴിക്കോട്: മലാപ്പറമ്പ് ഫാത്തിമാ പാലസിൽ വലിയപറമ്പ് സുബൈദ (72) ബെംഗളൂരുവിൽ മകൾ ഡോ. നുന്നയുടെ വസതിയിൽ അന്ത രിച്ചു. കബറടക്കം ഇന്ന് 10ന് ബെംഗളൂരു ഹുഡി കബർസ്ഥാനിൽ. ഭർ ത്താവ്: കാഞ്ഞിരോളി മുഹമ്മദ് കോയ. മറ്റു മക്കൾ: ഷേർഷ, ബേബിസുൽഫ, ഫിറോസ്, ഷീസ്, ഹിശാം. മരുമ ക്കൾ: അബ്ദുൽ മജീദ് (സൗദി), അബ്ദുസ്സലാം (ബഹ്റൈൻ), ലുഖ്മാൻ ഖാൻ (ബെംഗളൂരു). സഹോദരങ്ങൾ: ബിച്ചു, സലിം, മുഹമ്മദലി.

ചൂടിനെ വകവയ്ക്കാതെ ജനം ഒഴുകിയെത്തുന്നു, കോളടിച്ചത് വ്യാപാരികൾക്കും ഹോട്ടലുടമകൾക്കും

കോഴിക്കോട്: പൊള്ളുന്ന വേനലിലും അവധിക്കാലം ആഘോഷമാക്കാൻ വിനോദ സഞ്ചാര കേന്ദ്രങ്ങളിലെത്തുന്നത് ആയിരങ്ങൾ. ജില്ലയിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളായ കോഴിക്കോട് ബീച്ച്, സരോവരം, മാനാഞ്ചിറ, കടലുണ്ടി, ബേപ്പൂർ, കാപ്പാട് എന്നിവിടങ്ങളിലെല്ലാം രാവിലെ മുതലെ ആളുകളെത്തുകയാണ്. അവധി ദിവസങ്ങളിൽ മറ്റു ജില്ലകളിൽ നിന്നടക്കം നൂറുകണക്കിനാളുകളാണ് നഗരത്തിലെ വിനോദ കേന്ദ്രങ്ങളിലെത്തുന്നത്.

കനത്ത ചൂടിൽ വീട്ടിലിരിക്കുന്നതിനേക്കാൾ നല്ലത് കടൽക്കാറ്റും തണലും ആസ്വദിക്കുന്നതാണെന്ന് സഞ്ചാരികൾ പറയുന്നു. ചൂടിൽ നിന്ന് രക്ഷ നേടാൻ ബീച്ചും മാനാഞ്ചിറ മൈതാനിയുമാണ് ആളുകൾ കൂടുതലായി തെരഞ്ഞെടുക്കുന്നത്. അതി രാവിലെ ബീച്ചിലെത്തുന്നവർ കടലിലിറങ്ങി കളിച്ചും കുളിച്ചുമാണ് ചൂടിനോട് പൊരുതുന്നത്. സന്ദർശകരെ കാത്ത് സൗത്ത് ബീച്ചിൽ റിമോട്ട് വണ്ടികളും കുതിര സവാരിയും ഒട്ടക സവാരിയും സജ്ജമാണ്. കൂടാതെ ബീച്ചിലെത്തുന്നവർക്ക് ചൂടിൽ നിന്ന് രക്ഷ നേടാനായി ശീതള പാനീയങ്ങളുടെ വിൽപ്പനയും സജീവമാണ്.

ചൂട് ചൂടനാണ്, ജാഗ്രത വേണം

ക്രിക്കറ്റും ഫുട്ബാളും വോളിബോളും നീന്തലുമായി അവധിക്കാലം ആഘോഷമാക്കുമ്പോൾ ജാഗ്രതയിൽ വിട്ടുവീഴ്ച പാടില്ലെന്ന മുന്നറിയിപ്പ് നൽകി ദുരന്തനിവാരണ അതോറിറ്റി. ഉയർന്ന അന്തരീക്ഷ താപനില കാരണമുള്ള ആരോഗ്യപ്രശ്നങ്ങൾ, ജലാശയ അപകടങ്ങൾ എന്നിവ ഉണ്ടാവാതിരിക്കാൻ ജാഗ്രത അനിവാര്യമാണ്. മുൻ വർഷങ്ങളിൽ ജലസേചന പദ്ധതിയുടെ കനാലുകൾ, തടാകങ്ങൾ, ക്വാറികളിലെ കുളങ്ങൾ എന്നിവിടങ്ങളിൽ മുങ്ങിമരിച്ചതിലധികവും കുട്ടികളാണ്. ചൂടിൽ ഭക്ഷണമുൾപ്പെടെയുള്ള കാര്യങ്ങളിലും ശ്രദ്ധ വേണം.

ശ്രദ്ധിക്കണം ജീവന്റെ രക്ഷയ്ക്ക്

1. കുട്ടികൾ സംഘമായി നീന്തുമ്പോൾ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കുക. വെള്ളത്തിൽ അകപ്പെട്ടാൽ രക്ഷിക്കാൻ വെള്ളത്തിലേക്ക് ചാടാതെ കമ്പോ, കയറോ, തുണിയോ എറിഞ്ഞുകൊടുക്കണം.

2.ബോട്ടിംഗ്, കയാക്കിംഗ് വിനോദങ്ങളിൽ ഏർപ്പെടുമ്പോൾ ലൈഫ് ജാക്കറ്റ് ധരിക്കണം.

3. പകൽ 11 നും 3 നും ഇടയിൽ വെയിലത്തുള്ള കളികൾ ഒഴിവാക്കണം. നല്ല വെയിലുള്ള സമയത്ത് പുറത്തുപോകേണ്ടി വന്നാൽ തൊപ്പിയോ കുടയോ ഉപയോഗിക്കണം

4.ദാഹം ഇല്ലെങ്കിലും ധാരാളം വെള്ളം കുടിക്കണം

5. പഴങ്ങളും പച്ചക്കറികളും ഭക്ഷണത്തിൽ ഉൾപ്പെടുത്തണം

6. ചൂടുള്ള ചുറ്റുപാടിൽ നിന്നും വന്നതിനു ശേഷം ഉടൻ തന്നെ തണുത്ത പാനീയങ്ങൾ കുടിക്കുന്നത് ഒഴിവാക്കണം

പുഴകളിലെ ജലനിരപ്പ് താഴുന്നു, അനധികൃത തടയണകൾ പൊളിച്ച് നാട്ടുകാർ

കോഴിക്കോട്: കോഴിക്കോട് ജില്ലയിലെ മലയോര മേഖലയിൽ കടുത്ത കുടിവെള്ള ക്ഷാമം. നിരവധി കുടിവെള്ള പദ്ധതികൾക്കായി ഉപയോഗപ്പെടുത്തിയിരുന്ന പുഴകളിലെ ജലനിരപ്പ് കുറഞ്ഞതും കിണറുകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ വറ്റിയതുമാണ് കുടിവെള്ള പദ്ധതികളെ പ്രതികൂലമായി ബാധിക്കുന്നത്. കുടിവെള്ള പദ്ധതികളെ ആശ്രയിച്ച് കഴിയുന്ന നൂറുകണക്കിന് കുടുംബങ്ങൾ ദിവസങ്ങളായി കടുത്ത ദുരിതം അനുഭവിക്കുകയാണ്.

തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടിവെള്ള വിതരണം നടത്തുന്നുണ്ടെങ്കിലും അത്യാവശ്യ കാര്യങ്ങൾക്ക് ഉപയോഗിക്കാൻ മാത്രമേ ഇത് തികയുന്നുള്ളൂവെന്ന് നാട്ടുകാർ ചൂണ്ടിക്കാണിക്കുന്നു. കൊടിയത്തൂർ പഞ്ചായത്തിലെ നൂറുകണക്കിന് കുടുംബങ്ങളാണ് കുടിവെള്ളം ലഭിക്കാതെ ദുരിതത്തിലായിരിക്കുന്നത്. കഴിഞ്ഞ ദിവസം പുഴയിൽ അനധികൃതമായി നിർമ്മിച്ചിരുന്ന തടയണകൾ നാട്ടുകാരുടെ നേതൃത്വത്തിൽ പൊളിച്ചു നീക്കി. ദേവസ്വംകാട് കുടിവെള്ള പദ്ധതിയെ ആശ്രയിക്കുന്ന കുടുംബങ്ങളാണ് പനമ്പിലാവ് പുഴയിലെ അനധികൃത തടയണകൾ പൊളിച്ചു മാറ്റിയത്. കൃഷി ആവശ്യങ്ങൾക്കും ഫാമുകളിലേക്കുമുള്ള ജലം ഉപയോഗത്തിനായി പുഴകളിൽ കെട്ടിയ തടയണകളാണ് പൊളിച്ചു മാറ്റിയത്. കുടിവെള്ളക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ കൃഷി ആവശ്യത്തിനും മറ്റും വലിയ പൈപ്പുകൾ ഉപയോഗിച്ച് പുഴകളിൽ നിന്നും ജലം എടുക്കരുതെന്ന് കാണിച്ച് കൊടിയത്തൂർ പഞ്ചായത്തിനോട് അതിർത്തി പങ്കിടുന്ന ഊർങ്ങാട്ടിരി പഞ്ചായത്ത് ഉത്തരവ് ഇറക്കിയിരുന്നു. കൊടിയത്തൂർ പഞ്ചായത്തിലും ഇത്തരത്തിൽ ഉത്തരവിറക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

ബോചെ ടീ ലക്കി ഡ്രോ; 10 ലക്ഷം ചാത്തമംഗലം സ്വദേശിക്ക്

ദിവസേന 10 ലക്ഷം രൂപ സമ്മാനമായി നൽകുന്ന ബോചെ ടീ ലക്കി ഡ്രോ യിലെ മൂന്നാമത്തെ വിജയിയായ ഗീതക്ക് 10 ലക്ഷം രൂപയുടെ ചെക്ക് കൈമാറി. തൃശ്ശൂരിൽ നടന്ന ചടങ്ങിലാണ് ചെക്ക് കൈമാറിയത്. കോഴിക്കോട് ചാത്തമംഗലം സ്വദേശിയാണ് ഗീത എൻ.യു. ദിവസേനയുള്ള നറുക്കെടുപ്പിലൂടെ 10 ലക്ഷം രൂപയും കൂടാതെ 13704 ഭാഗ്യവാന്മാർക്ക് 25000, 10000, 5000, 1000, 100 എന്നിങ്ങനെ ക്യാഷ് പ്രൈസുകളും ലഭിക്കുന്നുണ്ട്. 25 കോടി രൂപയാണ് ബമ്പർ സമ്മാനം. www.bochetea.com സന്ദർശിച്ച് 40 രൂപയുടെ ബോചെ ടീ വാങ്ങുമ്പോൾ സൗജന്യമായി ബോചെ ലക്കി ഡ്രോ ടിക്കറ്റ് ലഭിക്കും. എല്ലാ ദിവസവും രാത്രി 10.30 നാണ് നറുക്കെടുപ്പ്. ബോചെ ടീ യുടെ വെബ്സൈറ്റ്, സോഷ്യൽ മീഡിയ അക്കൗണ്ടുകൾ എന്നിവ വഴിയാണ് നറുക്കെടുപ്പ് ഫലം പ്രസിദ്ധീകരിക്കുന്നത്.

ഇന്നത്തെ പരിപാടി

ജില്ലാ കോടതി ഹാൾ: ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറി എം.പി. ഷൈജലിനു യാത്രയയപ്പ് /ഉദ്ഘാടനം - ജില്ലാ പ്രിൻസിപ്പൽ ജഡ്ജി എസ്.മുരളീകൃഷ്ണ 12.00

'ബീച്ച് മറൈൻ ഗ്രൗണ്ട്: വണ്ടർ കാർണിവൽ 4.00

ചാവറ കൾചറൽ സെന്റർ: ഹാസ്യവേദിയുടെ സദസ്യരാണു താരം പരിപാടി 4.44

കോഴിക്കോട് ബീച്ചിലെ മാലിന്യ സംസ്കരണം നിലച്ചു; പ്രതിസന്ധി

കോഴിക്കോട് ബീച്ചിലെ മാലിന്യസംസ്ക്കരണം നിലച്ചു. മാലിന്യങ്ങൾ ചാക്കിൽ കെട്ടി അലക്ഷ്യമായി ഉപേക്ഷിച്ച നിലയിലാണ്. പനിയും അനുബന്ധ രോഗങ്ങളും നഗരത്തിൽ പടർന്നുപിടിക്കുന്ന സാഹചര്യത്തിലാണ് കോർപ്പറേഷൻറെ ഈ അനാസ്ഥ.

തട്ടുകടക്കാരുടെ സംഘടന ഏർപ്പാട് ചെയ്തവരായിരുന്നു നേരത്തെ മാലിന്യം ശേഖരിച്ചിരുന്നത്. പിന്നീട് കോർപറേഷൻ ഹരിത കർമ്മസേനാംഗങ്ങളെ ചുമതലപ്പെടുത്തി. ഇവർ കൃത്യമായി ബീച്ചിലെ മാലിന്യങ്ങൾ വേർതിരിച്ച് ചാക്കിൽ കെട്ടി, കൂട്ടി വച്ചിട്ടുണ്ടെങ്കിലും സംസ്കരിക്കാൻ സ്ഥലമില്ലാത്തതാണ് പ്രതിസന്ധിക്ക് കാരണം. ഞെളിയൻപമ്പിലെ മാലിന്യ സംസ്കരണ കേന്ദ്രത്തിൽ ഇനി സ്ഥലമില്ലെന്നാണ് വാദം. പ്രശ്നത്തിന് എങ്ങനെ പരിഹാരം കാണണമെന്നറിയാതെ വട്ടംചുറ്റുകയാണ് കോർപ്പറേഷൻ.

സി.പി.എം-ലെ കണ്ണൂർ ലോബി തകർന്നു: ചെറിയാൻ ഫിലിപ്പ്

കോഴിക്കോട്: എക്കാലവും സി.പി.എം-ലെ ശാക്തിക ചേരിയായ കണ്ണൂർ ലോബി അന്ത:ച്ഛിദ്രം മൂലം തകർന്നിരിക്കുകയാണെന്ന് ചെറിയാൻ ഫിലിപ്പ്,

പിണറായിയുടെ ഉറ്റമിത്രങ്ങളായ ജയരാജന്മാർ മൂന്നു തട്ടിലാണ്. ഇ.പി.ജയരാജനെ തള്ളാനും കൊള്ളാനും വയ്യാത്ത അവസ്ഥയാണ്. കണ്ണൂർ ലോബിയിലെ സംഘർഷം മറ്റു ജില്ലകളിലേക്കും വ്യാപിക്കുകയാണ്.

2005-ൽ മലപ്പുറം സമ്മേളനത്തിൽ പിണറായിയെ പാർട്ടി സെക്രട്ടറി സ്ഥാനത്തു നിന്നും മാറ്റാൻ വി.എസ്.അച്ചുതാനന്ദൻ ശ്രമിച്ചപ്പോൾ ശക്തമായ പ്രതിരോധം സൃഷ്ടിച്ചത് ഇ.പി.ജയരാജന്റെ നേതൃത്വത്തിലാണ്. തന്നേക്കാൾ ജൂനിയറായ കോടിയേരി ബാലകൃഷ്ണൻ, എ.വിജയരാഘവൻ എം.വി.ഗോവിന്ദൻ എന്നിവരെ പാർട്ടി സെക്രട്ടറിയാക്കിയപ്പോഴാണ് തഴയപ്പെട്ട ജയരാജൻ കുപിതനായത്.

പിണറായിയെ തകർക്കാൻ വി.എസിന്റെ കോടാലിയായി പ്രവർത്തിച്ച ദല്ലാൾ നന്ദകുമാറുമായുള്ള ജയരാജന്റെ വഴി വിട്ട ബന്ധമാണ് പിണറായിയെ പ്രകോപിച്ചത്.

എന്നാൽ, ബി.ജെ.പി നേതാവ് ജാവേദ്ക്കറുമായുള്ള കൂടിക്കാഴ്ചകളെ പിണറായിയോ പാർട്ടിയോ തള്ളിപ്പറഞ്ഞിട്ടില്ല.

ഇന്നത്തെ ചിന്താവിഷയം

എല്ലാറ്റിലും പ്രധാനപ്പെട്ട ചോദ്യം

മനുഷ്യൻ സാമൂഹ്യ ജീവിയത്രെ. ഒത്തിരി കുറവുകളും എന്നാൽ വളരെ ഉന്നതമായി ചിന്തിക്കാൻ കഴുവുള്ളവരത്രെ മനുഷ്യർ. ശരീരശുദ്ധി പോലെ മനഃശുദ്ധിയും മനുഷ്യർ കാത്തുസൂക്ഷിക്കുന്നു. മന:ശുദ്ധിയുണ്ടാകണമെങ്കിൽ മനുഷ്യന്റെ ചിന്തകൾ നന്മ നിറഞ്ഞതായിരിക്കണം. നന്മകൾ ദീപം കണക്കെ ശോഭ പരത്തും. ഇവിടെയാണ് എല്ലാറ്റിലും പ്രധാനപ്പെട്ട ചോദ്യത്തിന്റെ പ്രസക്തി. നാം ആരാണന്ന് അന്വഷിച്ചെങ്കിലേ നാം ആരാണന്നറിയൂ. മനുഷ്യ ജന്മം എന്തിനു വേണ്ടി. ഈ ശരീരം പഞ്ചഭൂതങ്ങളാൽ നർമ്മിതം. ആ ശരീരമാകുന്ന കൂട്ടിൽ കുടികൊള്ളുന്ന ജീവാത്മാവ്. അത് ശോഭിച്ചു നിൽക്കുമ്പോൾ നാം ആത്മാവിനെ അറിയുമ്പോൾ നാം ആരെന്നതിൽ ബോധവാനാകുന്നു. ആ തിരിച്ചറവിൽ ഒരുവന്റെ കർത്തവ്യം എന്താണെന്നറിയാനാകുന്നു. കുറഞ്ഞ കാലഘട്ടം ജീവിച്ച് ശരീരം വിട്ടു പോകുന്ന ജീവാത്മാവിനു എന്തൊക്കെ കർത്തവ്യങ്ങളായിരിക്കും പ്രധാനം. അതിൽ മുൻ നിരയിലുള്ളത് ഈശ്വരസേവ തന്നെ. ഈശ്വരനെ സേവിക്കാനായിട്ടു മാത്രമാണ് നമ്മൾ ഒരോരുത്തരുടെയും ജന്മ ലക്ഷ്യം. പലർക്കും അജ്ഞാതമായ കാര്യമത്രെ. ആ അജ്ഞതയിൽ നിന്നു കൊണ്ട് മനുഷ്യൻ ധനസമ്പാദനത്തിന് മുൻതൂക്കം നൽകി ഏതു നീചപ്രവൃത്തികളിലും ഏർപ്പെടുന്നു. ഫലമോ ഈശ്വരനെ മറക്കുകയും ഈശ്വരന്റേതായ വസ്തുവകകൾ കൊള്ളയടിക്കുകയും ചെയ്യുന്നു. അന്ത്യത്തിൽ ജീവാത്മാവ് ശരീരം മാറുമ്പോൾ നിഷ്ഫലമായ ജന്മമെന്നു വിളിക്കേണ്ടിയും വരുന്നു. ജീവാത്മാവും പരമാത്മാവും തമ്മിലുള്ള ബന്ധം അറിയുന്ന നിമിഷം എല്ലാറ്റിലും പ്രധാനപ്പെട്ട ചോദ്യത്തിനുത്തരമായി. പുനർജന്മം ഒരു തുടർപ്രക്രിയയാണങ്കിലും പരമാത്മാവിൽ ചെന്നു ചേരുന്നതോടെ മോക്ഷ ലഭ്യതയും ആകുന്നു. ഏവർക്കും സുപ്രഭാതവും സുദിനവും ആയുരാരോഗ്യവും നേർന്നു കൊണ്ട് നന്ദി നമസ്ക്കാരം.

കെ.വിജയൻ നായർ
മുംബൈ

അനാവശ്യം, അടിസ്ഥാനരഹിതം; വാഷിങ്ടൺ പോസ്റ്റിന്റെ റിപ്പോർട്ട് തള്ളി ഇന്ത്യ

ന്യൂയോർക്ക്: ഖലിസ്ഥാൻ അനുകൂല സംഘടനാ നേതാവ് ഗുർപട്വന്ത് സിങ് പന്നുവിനെ വധിക്കാൻ ഗൂഢാലോചന നടത്തിയെന്ന് ആരോപണം നേരിടുന്ന ഇന്ത്യൻ ഉദ്യോഗസ്ഥന്റെ പേര് പുറത്തുവിട്ട യുഎസ് പത്രം വാഷിങ്ടൺ പോസ്റ്റിന്റെ റിപ്പോർട്ടിനെതിരെ ഇന്ത്യ. ഗുരുതരമായ വിഷയത്തിൽ അനാവശ്യവും അടിസ്ഥാനരഹിതവുമായ ആരോപണമാണ് വാഷിങ്ടൺ പോസ്റ്റ് ഉന്നയിച്ചിരിക്കുന്നതെന്ന് കേന്ദ്രസർക്കാർ പ്രതികരിച്ചു.

പേരുവെളിപ്പെടുത്താത്ത സ്രോതസ്സുകളെ ഉദ്ധരിച്ചാണ് പത്രം പന്നുനെ വധിക്കാനുള്ള ഗൂഢാലോചനയുമായി ബന്ധപ്പെട്ട് ഒരു റോ ഉദ്യോഗസ്ഥന്റെ പേരെടുത്ത് പറഞ്ഞത്. ഗുരുതരമായ വിഷയത്തിൽ ഒരു ന്യായീകരണവും ഇല്ലാത്ത അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ് റിപ്പോർട്ടിൽ .സംഘടിത കുറ്റവാളികൾ, ഭീകരർ തുടങ്ങിയവരുടെ നെറ്റർക്കുകളുമായി ബന്ധപ്പെട്ട് യുഎസ് സർക്കാർ പങ്കിട്ട സുരക്ഷാ ആശങ്കകൾ പരിശോധിക്കാൻ ഇന്ത്യാ ഗവൺമെന്റ് രൂപീകരിച്ച ഉന്നതതല സമിതിയുടെ അന്വേഷണം തുടരുകയാണ്. അതിനെക്കുറിച്ച് ഊഹാപോഹം നിറഞ്ഞതും നിരുത്തരവാദപരവുമായ അഭിപ്രായങ്ങൾ സഹായകരമാകില്ലെന്നും ജയ്സ്വാൾ മാധ്യമങ്ങളോട് പറഞ്ഞു.

കൊലപാതകം നടത്താനുള്ള സംഘത്തെ രൂപീകരിച്ചതും പന്നുവിന്റെ ന്യൂയോർക്കിലെ വിലാസം ഉൾപ്പെടെ വിശദാംശങ്ങൾ കൈമാറിയതും റോ ഉദ്യോഗസ്ഥനായ വിക്രം യാദവാണെന്നാണ് പത്രം വെളിപ്പെടുത്തിയത്.

കുറ്റപത്രത്തിൽ സിസി 1 എന്നു സൂചിപ്പിക്കുന്നത് ഇദ്ദേഹത്തെയാണെന്നു റിപ്പോർട്ടിൽ പറയുന്നു. പന്നുവിനെ കൊലപ്പെടുത്താനുള്ള ആളെ കണ്ടെത്താൻ നിഖിൽ ഗുപ്ത എന്ന വ്യക്തിയെ നിയോഗിച്ചത് വിക്രം യാദവ് ആണെന്നും കുറ്റപത്രത്തിൽ ആരോപിക്കുന്നു. നിഖിൽ ഗുപ്തയെ കഴിഞ്ഞ വർഷം ജൂണിൽ ചെക്ക് റിപ്പബ്ലിക്കിൽ വച്ച് അറസ്റ്റ് ചെയ്തിരുന്നു.

ഇന്ത്യയുടെ രാജ്യാന്തര രഹസ്യാന്വേഷണ ഏജൻസിയാണ് റിസർച് ആൻഡ് അനാലിസിസ് വിങ് (റോ). റിപ്പോർട്ടിനെ കുറിച്ചു പ്രതികരിക്കാൻ ഇന്ത്യയുടെ വിദേശകാര്യ മന്ത്രാലയം വിസമ്മതിച്ചെന്നും വാഷിങ്ടൻ പോസ്റ്റ് പറയുന്നു.

സർവ്വചൈതന്യം

അറിഞ്ഞുകൊണ്ട് പാപം ചെയ്യുവോർ
അപരാധത്തിന്റെ വിത്തു പാകുവോർ
അവരെ ശിക്ഷിക്കണം, രക്ഷപെട്ടോട്ടെ
അവരെങ്കിലുമൊരു നിരപരാധി ശിക്ഷ
അരുത്, അതാണു നീതിപീഠമഹത്വവും.

സന്ധ്യേ, ഉടുത്തൊരുങ്ങി നടകൊണ്ടും
സമസ്യയാകും രാവിന്നിരുളിൻ ഭീകരത
സാകൂതം ഹൃദയത്തിലങ്ങ് ചാലിച്ചിട്ടും
സൂത്രങ്ങളഴിഞ്ഞുവീണതിൽ പൊലിയും
സീമന്തരേഖയുമതിലേറും സിന്ദൂരവും.

ഉലയിൽ തിളയ്ക്കും കാരിരുമ്പിൻ കല
ഉറഞ്ഞുകൂടിയതായുധത്തിൻ രൂപാന്തരം
ഉടയാതെ ബലം കൂട്ടുമത് തല്ലിച്ചേർത്തും
ഉടവാൾ പണിതു ശക്തിയും ശത്രുതയും
ഊട്ടുവാനൊട്ടു സ്വാർത്ഥമാം മുഖച്ഛായ.

കൽപ്രതിമകളിൽ ജീവന്റെ തുടിപ്പിലും
കരിമഷിക്കൂട്ടിലെത്രയോ ചന്തമേറിയും
കണ്ണെഴുതിയതിൽ കാമം ത്രസിപ്പിക്കും
കലാവിരുതിൻ പ്രവാഹമവിടെപ്പറയുന്ന
കഥകളിലൊട്ടു കാലമഹിമ വിളംബരം.

അവിടെ ഉയർത്തെഴുന്നേൽക്കുമത് അനന്താമാമീ വിശ്വത്തിൻ പ്രമാണവും
അതിരുകളില്ലാത്ത സത്യത്തിൻ മുഖം
അപൂർവ്വം അനിർവചനീയ

അമിത് ഷാ സഞ്ചരിച്ച ഹെലികോപ്ടർ പറന്നുയരുന്നതിനിടെ നിയന്ത്രണം നഷ്ടമായി; ഒഴിവായത് വൻ ദുരന്തം

പട്ന: കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ സഞ്ചരിച്ച ഹെലികോപ്ടർ പറന്നുയരുന്നതിനിടെ അൽപസമയം നിയന്ത്രണം നഷ്ടമായി. ബിഹാറിലെ ബെഗുസാരയിൽ തിങ്കളാഴ്ചയാണ് സംഭവം. ബിഹാറിൽ തെരഞ്ഞെടുപ്പ് റാലിയിൽ പങ്കെടുക്കാൻ എത്തിയതായിരുന്നു അമിത് ഷാ.സംഭവത്തിന്റെ വീഡിയോ ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. ടേക്ക് ഓഫ് ചെയ്യാൻ ശ്രമിക്കുന്നതിനിടെ മുകളിലേക്ക് ഉയരാൻ സാധിക്കാതെ ഹെലികോപ്ടർ അൽപ്പനേരം ആടി ഉലയുന്നതാണ് ദൃശ്യങ്ങളിലുള്ളത്. കുറച്ചുസമയത്തിന് ശേഷം നിയന്ത്രണം വീണ്ടെടുത്ത് ഹെലികോപ്ടർ പറന്നുയരുന്നതും കാണാം.

ഏഴ് ഘട്ടമായാണ് ബിഹാറിൽ തെരഞ്ഞെടുപ്പ് നടക്കുന്നത്. നിതീഷ് കുമാറിന്റെ ജെ.ഡി.യു വുമായി ചേർന്ന് 17 സീറ്റുകളിലാണ് ബി.ജെ.പി മത്സരിക്കുന്നത്.

ഇസ്രായേൽ ആക്രമണത്തിന് പിന്നാലെ കനത്ത ചൂടും: ഗസ്സയിൽ രണ്ട് കുട്ടികൾ മരിച്ചു

ഗസ്സസിറ്റി: ഇസ്രായേലിന്റെ ക്രൂരത ഒരുഭാഗത്ത് അരങ്ങേറുന്നതിനിടെ കനത്ത ചൂടും ഗസ്സയിൽ ദുരിതം വിതയ്ക്കുന്നു. ചൂട് കാരണം രണ്ട് കുട്ടികൾ മരിച്ചതായി യുഎൻ അഭയാർഥി ഏജൻസിയായ യു.എൻ. ആർ.ഡബ്ല്യു.എയാണ് റിപ്പോർട്ട് ചെയ്യുന്നത്."ചൂട് കാരണം രണ്ട് കുട്ടികളെങ്കിലും മരിച്ചതായുള്ള റിപ്പോർട്ട് ഞങ്ങൾക്ക് ലഭിച്ചതായി യു.എൻ.ആർ.ഡബ്ല്യു.എ കമ്മീഷണർ ജനറൽ ഫിലിപ്പ് ലസാരിനി വ്യക്തമാക്കി. ഇനിയും എന്തൊക്കെയാണ് ഇവർ സഹിക്കേണ്ടത്, മരണം, പട്ടിണി, രോഗം, പലായനം, ഇപ്പോഴിതാ കനത്ത ചൂടും– ഫിലിപ്പ് ലസാരിനി കൂട്ടിച്ചേർത്തു.

താപനില ഉയരുന്നതിനനുസരിച്ച് ഗസ്സയിലെ ജീവിത സാഹചര്യങ്ങൾ കൂടുതൽ വഷളാകുമെന്നും യുഎൻ ഏജൻസി വ്യക്തമാക്കുന്നു. കുടിക്കാനും കുളിക്കാനും അലക്കാനുമൊക്കെ 15 ലിറ്റർ വെള്ളമെങ്കിലും ഒരു ദിവസം വേണ്ടിടത്ത് ആകെ ലഭിക്കുന്നത് ഒരു ലിറ്ററിലും താഴെ വെള്ളമാണ്. കുട്ടികളാണ് ഇതിന്റെ ദുരിതം ഏറെയും അനുഭവിക്കുന്നത്.ഇതിനകം തന്നെ മാരകമായ ഇസ്രായേലി ആക്രമണത്തിൽ തകർന്നിരിക്കുകയാണ് ഫലസ്തീൻ ജനത. 34,000 ലേറെ പേരാണ് ഇസ്രായേൽ ആക്രമണത്തിൽ മരണം വരിച്ചത്. ഇപ്പോഴിതാ കനത്ത ചൂടും അവിടെ ദുരിതം വർധിപ്പിച്ചിരിക്കുന്നു. കഴിഞ്ഞ ഒക്ടോബറിൽ ഇസ്രായേലിൽ ഹമാസ് നടത്തിയ ആക്രമണത്തിന് പിന്നാലെയാണ് ഗസ്സ വീണ്ടും യുദ്ധക്കളമായത്.

യുദ്ധം ആറ് മാസം പിന്നിട്ടതിന് പിന്നാലെ ഗസ്സയുടെ വലിയൊരു ഭാഗം തകർന്നുകിടക്കുകയാണ്. ഭക്ഷണം, ശുദ്ധജലം, മരുന്ന് എന്നിവയ്ക്കൊക്കെ കടുത്ത ക്ഷാമമാണ് ഇവിടെ അനുഭവപ്പെടുന്നത്. ഈയടുത്ത ദിവസങ്ങളിൽ ഗസ്സയിലെ താപനില 30 ഡിഗ്രി സെൽഷ്യസിനടുത്താണ് ഉയർന്നതെന്നാണ് റിപ്പോർട്ടുകൾ. ഈ വർഷത്തിൽ സാധാരണയേക്കാൾ വളരെ കൂടുതലാണിത്.

ഫലസ്തീൻ വംശഹത്യക്കെതിരെ പാരീസിലും പ്രതിഷേധം; സോബോൺ സർവകലാശാല ഉപരോധിച്ച് വിദ്യാർഥികൾ

യുഎസ് ക്യാംപസുകളിലെ ഇസ്രായേൽ വിരുദ്ധ പ്രക്ഷോഭങ്ങളുടെ ചുവട് പിടിച്ച് പാരീസിലും വിദ്യാർഥി പ്രതിഷേധം.

പാരീസിലെ സോബോൺ യൂണിവേഴ്സിറ്റിയിൽ തിങ്കളാഴ്ച രാവിലെ വിദ്യാർഥികൾ ഫലസ്തീൻ അനുകൂല മുദ്രാവാക്യങ്ങളുമായി ക്യാംപസ് ഗേറ്റ് ഉപരോധിച്ചു.

യുഎസ് ക്യാംപസുകളിലെ പോലെ തന്നെ ക്യാംപസിൽ ടെന്റ് കെട്ടിയായിരുന്നു സോബോണിലും വിദ്യാർഥികളുടെ പ്രതിഷേധം.

ലോകത്തിലെ തന്നെ പഴക്കം ചെന്ന സർവകലാശാലകളിലൊന്നാണ് സോബോൺ. വിദ്യാർഥികളുടെ പ്രതിഷേധം കനത്തതോടെ സർവകലാശാല ഒരു ദിവസത്തേക്ക് അടച്ചു.

ഗസ്സയിൽ ഇസ്രായേൽ നടത്തുന്ന വംശഹത്യയെ സർവകലാശാല അപലപിക്കണമെന്നാണ് വിദ്യാർഥികളുടെ ആവശ്യം. പ്രതിഷേധം സമാധാനപരമായിരുന്നെങ്കിലും സർവകലാശാലയുടെ പ്രധാന ഗേറ്റിന് സമീപം പൊലീസ് സുരക്ഷ ഏർപ്പെടുത്തിയിരിക്കുന്നതായി വാർത്താ ഏജൻസിയായ റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തു.

ഏകദേശം 50ഓളം വിദ്യാർഥികളാണ് സർവകലാശാലയിൽ പ്രതിഷേധിച്ചതെന്നാണ് വിവരം.

യുഎസിലെ ഇസ്രായേൽ വിരുദ്ധ വിദ്യാർഥി പ്രതിഷേധം യൂറോപ്പിലേക്കും പടരുന്നു എന്നതിന്റെ ഒടുവിലത്തെ സൂചനയാണ് സോബോണിലേത്. കഴിഞ്ഞ ദിവസം പാരീസിലെ പ്രശസ്തമായ സയൻസസ് പോ സർവകലാശാലയിലും വിദ്യാർഥികൾ സമാനരീതിയിൽ പ്രതിഷേധം സംഘടിപ്പിച്ചിരുന്നു.

ഫ്രഞ്ച് നിയമജ്ഞനായ മഥിൽഡെ പാനോട്ട് ഉൾപ്പടെയുള്ള പ്രമുഖർ സോബോണിലെ പ്രതിഷേധത്തിൽ പങ്കെടുക്കാൻ സമൂഹമാധ്യമങ്ങളിലൂടെ ആഹ്വാനം ചെയ്തിട്ടുണ്ട്.

ജസ്റ്റിൻ ട്രൂഡോ പങ്കെടുത്ത ചടങ്ങിലെ ഖലിസ്ഥാൻ അനുകൂല മുദ്രാവാക്യം; കാനഡയെ പ്രതിഷേധമറിയിച്ച് ഇന്ത്യ

ന്യൂഡൽഹി: കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ ഖലിസ്ഥാൻ അനുകൂല പരിപാടിയിൽ പ്രസംഗിച്ച സംഭവത്തിൽ ഇന്ത്യയിലെ കനേഡിയൻ ഹൈക്കമ്മിഷണറെ വിളിച്ചു വരുത്തി ഇന്ത്യ പ്രതിഷേധമറിയിച്ചു.

കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ ഉൾപ്പടെയുള്ളവർ ചടങ്ങിൽ പങ്കെടുക്കുന്ന വീഡിയോ വ്യാപകമായി പ്രചരിച്ചിരുന്നു അമിത് ഷായുടെ വ്യാജവിഡിയോ പ്രചരിപ്പിച്ചു; തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡിക്ക് നോട്ടീസ്

കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ പരിപാടിയിൽ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഖലിസ്ഥാൻ അനുകൂല മുദ്രാവാക്യങ്ങൾ ഉയർന്നത്. ഏപ്രിൽ 28ന് ടൊറന്റോയിൽ നടന്ന ഖൽസ പരേഡിലായിരുന്നു ജസ്റ്റിൻ ട്രൂഡോ പങ്കെടുത്ത് സംസാരിച്ചത്.

കാനഡയിൽ വിഘടന വാദത്തിനും തീവ്രവാദത്തിനും അക്രമത്തിനും അവസരം നൽകുന്നതിന് തെളിവാണെന്ന് ഇന്ത്യ വിമർശിച്ചു. ഇത്തരം നിലപാട് തുടരുന്നത് ഇരു രാജ്യങ്ങളുടെയും പരസ്പര ബന്ധത്തെ ബാധിക്കുമെന്നും കാനഡയിൽ അക്രമം വർദ്ധിക്കുന്നതിന് കാരണമാകുമെന്നും വിദേശകാര്യ മന്ത്രാലയം ചൂണ്ടിക്കാണിച്ചു. കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ ഉൾപ്പടെയുള്ളവർ ചടങ്ങിൽ പങ്കെടുക്കുന്ന വീഡിയോ വ്യാപകമായി പ്രചരിച്ചിരുന്നു. സിഖ് സമുദായത്തിന്റെ അവകാശങ്ങൾ എന്തുവിലകൊടുത്തും സംരക്ഷിക്കുമെന്ന് പ്രസംഗത്തിൽ ജസ്റ്റിൻ ട്രൂഡോ വ്യക്തമാക്കിയിരുന്നു.

അമിത് ഷായുടെ വ്യാജവിഡിയോ പ്രചരിപ്പിച്ചു; തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡിക്ക് നോട്ടീസ്

ന്യൂഡൽഹി: ആഭ്യന്തര മന്ത്രി അമിത് ഷായ്ക്കെതിരായ വ്യാജ വിഡിയോയിൽ അന്വേഷണം പ്രഖ്യാപിച്ച് ഡൽഹി പൊലീസ്. സംഭവത്തിൽ തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡിക്ക് ഡൽഹി പൊലീസ് നോട്ടീസ് അയച്ചു. അന്വേഷണത്തിന്റെ ഭാഗമായി മെയ് ഒന്നിന് ചോദ്യം ചെയ്യലിന് ഹാജരാകണമെന്നാണ് നിർദേശം.രേവന്ത് റെഡ്ഡി ഉപയോഗിക്കുന്ന മൊബൈൽ ഫോണുൾപ്പെടെയുള്ള എല്ലാ ഇലക്ട്രോണിക് ഉപകരണങ്ങളും ഹാജരാക്കാനും നിർദേശമുണ്ട്. തെലങ്കാന കോൺഗ്രസിന്റെ ഔദ്യോഗിക എക്സ് പ്ലാറ്റ്ഫോമിലാണ് അമിത് ഷായ്ക്കെതിരായി സംവരണവുമായി ബന്ധപ്പെട്ട വിഡിയോ പ്രത്യക്ഷപ്പെട്ടത്. പട്ടികജാതി (എസ്സി), പട്ടികവർഗ (എസ്ടി), മറ്റ് പിന്നാക്ക വിഭാഗങ്ങൾ (ഒബിസി) എന്നിവർക്കുള്ള സംവരണം ബിജെപി റദ്ദാക്കുമെന്ന് അമിത് ഷാ പറയുന്ന വ്യാജ വിഡിയോയാണ് സമൂഹമാധ്യമങ്ങളിലൂടെ പ്രചരിച്ചത്.പിന്നാലെ വിഡിയോ വ്യാജമായി നിർമ്മിച്ചതാണെന്ന് ആരോപിച്ച് ബിജെപിയും ആഭ്യന്തര മന്ത്രാലയവും രംഗത്തെത്തി. തുടർന്ന് നൽകിയ പരാതിയിലാണ് രേവന്ത് റെഡ്ഡിക്കും മറ്റു നാലുപേർക്കും ചോദ്യം ചെയ്യലിന് ഹാജരാകണമെന്ന് ചൂണ്ടിക്കാട്ടി നോട്ടീസ് അയച്ചിരിക്കുന്നത്. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ (ഐ.പി.സി) 153, 153 എ, 465, 469, 171 ജി, ഇൻഫർമേഷൻ ടെക്നോളജി (ഐ.ടി) നിയമത്തിലെ 66 സി എന്നീ വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിരിക്കുന്നത്.

റഫാ ആക്രമണത്തിൽ വിമർശനവുമായി ഇസ്രായേൽ പാരാട്രൂപ്പർ സേന

ടെൽഅവീവ്: തെക്കൻ ഗസ്സയിലെ റഫാ ആക്രമിക്കാനുള്ള തീരുമാനത്തോട് വിയോജിപ്പ് പ്രകടിപ്പിച്ച് ഇസ്രായേലി പ്രതിരോധ സേനയിലെ പാരാട്രൂപ്പ് അംഗങ്ങൾ. 30 ഇസ്രായേലി പാരാട്രൂപ്പ് റിസർവിസ്റ്റുകളാണ് റഫയിലെ കരയാക്രമണത്തെ വിമർശിച്ച് രംഗത്തെത്തിയത്.

ഇസ്രായേലി മാധ്യമങ്ങൾ തന്നെയാണ് ഇക്കാര്യം റിപ്പോർട്ട് ചെയ്യുന്നത്. റഫയിലെ കരയാക്രമണം തന്ത്രപരമയൊരു അബദ്ധമായിരിക്കുമെന്നാണ് റിസർവ് ജനറൽ ഇസ്രായേൽ സിവ് വ്യക്തമാക്കിയത്.

റഫാ ആക്രമിച്ചാൽ ഇസ്രായേലി ബന്ദികൾ അതിജീവിക്കാൻ സാധ്യതയില്ലെന്നാണ് സിവ് മുന്നറിയിപ്പ് നൽകുന്നത്. അവരുടെ ജീവിതമാണ് പ്രധാനം, ആക്രമണം ഉടൻ തീരില്ല, മാസങ്ങളോളം നീണ്ടുനിൽക്കും, അതോടെ ബന്ദികളുടെ ജീവൻ കൂടുതൽ അപകടത്തിലാകുമെന്നും അദ്ദേഹം പറഞ്ഞു.

അതേസമയം തങ്ങളുടെ ചുമതലകൾ നിറവേറ്റാൻ കഴിയുന്നില്ലെന്ന് റിസർവ് സൈനികർ പറഞ്ഞതായി ഇസ്രായേലി ചാനലായ 12 റിപ്പോർട്ട് ചെയ്യുന്നുണ്ട്. റഫയിലെ സൈനിക നടപടിയിൽ പങ്കെടുക്കാൻ വിസമ്മതം അറിയിച്ചുള്ള നിരവധി കത്തുകൾ തന്റെ സൈനികരിൽ നിന്ന് ലഭിച്ചിട്ടുണ്ടെന്ന് ഒരു കമാൻഡർ വെളിപ്പെടുത്തുന്നു. എന്നാൽ എതിർപ്പുകളുണ്ടെങ്കിലും മുന്നോട്ടുപേകാനാണ് ഇസ്രായേലിന്റെ തീരുമാനം.

1.4 മില്യൺ ഫലസ്തീനികൾ തിങ്ങിത്താമസിക്കുന്ന ഗസ്സയുടെ തെക്കേ അറ്റത്തുള്ള നഗരമാണ് റഫ. അതിനാൽ ഇവിടെ ആക്രമിച്ചാൽ പ്രത്യാഘാതം ഗുരുതരമായിരിക്കുമെന്ന് അന്താരാഷ്ട്ര മുന്നറിയിപ്പുണ്ട്. ഇതൊന്നു അവർ ചെവികൊള്ളുന്നില്ല. റഫയിൽ നിന്ന് ഫലസ്തീനികളെ ഒഴിപ്പിച്ച് പ്രദേശം ആക്രമിക്കാൻ തയ്യാറെടുക്കുകയാണെന്നാണ് ഒരു മുതിർന്ന ഇസ്രായേലി പ്രതിരോധ ഉദ്യോഗസ്ഥൻ വെളിപ്പെടുത്തിയത്.

അതേസമയം ഹമാസുമായി ബന്ദിമോചന കരാറിലെത്തിയാൽ റഫയിലെ സൈനിക നടപടി താൽക്കാലികമായി നിർത്തിവയ്ക്കാമെന്ന് ഇസ്രായേൽ വിദേശകാര്യ മന്ത്രി ഇസ്രായേൽ കാറ്റ്സ് പ്രഖ്യാപിച്ചിരുന്നു. അമേരിക്കയുടെ ആശങ്കകളും അഭിപ്രായങ്ങളും വകവെക്കാതെ റഫാ ഓപറേഷനുമായി മുന്നോട്ടുപോകില്ലെന്ന് ഇസ്രായേൽ ഉറപ്പ് നൽകിയതായി വൈറ്റ് ഹൌസ് ദേശീയ സുരക്ഷാ വക്താവ് ജോൺ കിർബി വ്യക്തമാക്കിയിരുന്നു.

അതിജീവതക്ക് നീതി ഉറപ്പാക്കണം

നീതി നിഷേധിക്കപ്പെടുമ്പോൾ തകരുന്നത് സർക്കാരുകളിൽ ജനങ്ങൾക്കുള്ള വിശ്വാസമാണ്. കോഴിക്കോട് മെഡിക്കൽ കോളേജിലെ ഐസിയുവിൽ പീഡിപ്പിക്കപ്പെട്ട അതിജീവതക്ക് നീതി ഉറപ്പാക്കാൻ സർക്കാരിന് എന്താണ് തടസ്സം? നീണ്ട പോരാട്ടങ്ങൾ നടത്തിയിട്ടും അവരുടെ പ്രശ്ന പരിഹാരത്തിന് എന്താണ് സർക്കാർ വിമുഖത കാണിക്കുന്നത്? ഒരു വനിത, ആരോഗ്യമന്ത്രിയായിരിക്കുന്ന ഒരു സംസ്ഥാനത്ത് ഒരു സ്ത്രീക്ക് നീതിക്ക് വേണ്ടി ഇത്രയും കഷ്ടപ്പെടേണ്ടി വരുന്നത് എന്ത്കൊണ്ടാണ്?

ഈ സംഭവത്തിൽ നിരവധി ചോദ്യങ്ങൾക്കാണ് ആരോഗ്യ മന്ത്രിയും സർക്കാരും മറുപടി പറയേണ്ടത്. രോഗബാധിതയായി ആശുപത്രിയിലെത്തിയാൽ അവിടെയും രക്ഷയില്ലാത്ത അവസ്ഥ വന്നാൽ എന്ത് ചെയ്യും? അത്യന്തം നാണക്കേടാണ് സർക്കാരിന്റെ സമീപനം. അവനവന്റെ കുടുംബത്തിലെ ഒരംഗത്തിനാണ് ഈ ദുര്യോഗമുണ്ടായതെങ്കിൽ നാമെങ്ങനെ പ്രതികരിക്കുമെന്ന് ഓരോരുത്തരും ആലോചിക്കുന്നത് നന്ന്.

മറ്റൊരു വനിതയും നീതിക്കായി പോരാടുകയാണ്. പ്രസവ ശസ്ത്രക്രിയക്കിടയിൽ വയറ്റിൽ കത്രിക അകപ്പെട്ട് തീരാ വേദന തിന്നുന്ന സഹോദരി. അവരും നീതിക്കായി വലിയ സമരം തന്നെ നടത്തി. അവർക്ക് ന്യായമായ നഷ്ടപരിഹാരം പോലും ഇതുവരെ സർക്കാർ നൽകിയിട്ടില്ല. അവരിപ്പോഴും അന്നുണ്ടായ ചിക്ത്സാ പിഴവിനെ തുടർന്ന് ചികിത്സയിലാണ്.

പാവപ്പെട്ടവന്റെയും, കഷ്ടപ്പെടുന്നവന്റെയും ഒരു പ്രസ്ഥാനം നേതൃത്വം കൊടുക്കുന്ന സർക്കാരാണ് കേരളത്തിലുള്ളത്. എന്നാൽ നീതിക്കായി പോരാടുന്നവരെ കണ്ണ് തുറന്ന് കാണാനുള്ള മനോഭാവം ഭരണാധികാരികൾക്കില്ല. കോഴിക്കോട്ടുണ്ടായ ഈ രണ്ട് സംഭവങ്ങളും കേരളീയ സമൂഹത്തിന് മുൻപിൽ വലിയ ചോദ്യങ്ങളാണുർത്തുന്നത്. അനീതി കണ്ടാൽ അതിനെതിരെ പ്രതികരിക്കാൻ മടിയുള്ള ഒരു സമൂഹമായി കേരളം മാറുകയാണോ?

അന്ധമായ രാഷ്ട്രീയ മനോഭാവത്താൽ പാർട്ടി അണികൾ അനീതിക്കെതിരെ പ്രതികരിക്കാതിരിക്കരുത്. ഏത് പാർട്ടി ഭരിച്ചാലും നീതി ഉറപ്പാക്കാൻ തയ്യാറായില്ലെങ്കിൽ ജനങ്ങൾ പ്രതിഷേധിക്കാൻ തയ്യാറാവണം.

അതിജീവതക്ക് നീതി ലഭിക്കണം. നീതിയെ ആര് തടയാൻ ശ്രമിച്ചാലും അത് ഇരട്ട ശക്തിയോടെ തിരിച്ചുവരുമെന്നതാണ് കാലം നമുക്ക് നൽകുന്ന പാഠം. നീതി നിഷേധത്തിന് കുടപിടിക്കുന്നവർ ചെയ്യുന്നത് നീതിന്യായ വ്യവസ്ഥയുടെ ഭദ്രത തകർക്കുന്ന പ്രവർത്തിയും.

ഊട്ടിയിലും രക്ഷയില്ല; ചരിത്രത്തിലെ ഏറ്റവും കൂടിയ ചൂട്

കോയമ്പത്തൂർ: വിനോദ സഞ്ചാരികളെ നിരാശരാക്കി തമിഴ്നാട്ടിലെ ഊട്ടിയിൽ ചരിത്രത്തിലെ ഏറ്റവും കൂടിയ താപനില രേഖപ്പെടുത്തി. 29 ഡിഗ്രി സെൽഷ്യസ് ആണ് ഞായറാഴ്ച രേഖപ്പെടുത്തിയ താപനിലയെന്ന് ചെന്നൈ റീജണൽ മെട്രോളജിക്കൽ ഡിപ്പാർട്ട്മെന്റ് അറിയിച്ചു.

1951ന് ശേഷം മേഖലയിൽ രേഖപ്പെടുത്തിയ ഉയർന്ന താപനിലയിലാണിത്. ഊട്ടിയിലെ പ്രശസ്തമായ വാർഷിക പുഷ്പമേള മെയ് 10ന് തുടങ്ങും.

ഊട്ടി–കൊടൈക്കനാൽ യാത്രയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തി മദ്രാസ് ഹൈക്കോടതി. മെയ് 7 മുതൽ ജൂൺ 30 വരെ ഇ പാസ് ഏർപ്പെടുത്താനാണ് മദ്രാസ് ഹൈക്കോടതിയുടെ ഉത്തരവ്. പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്താണ് ഉത്തരവ്.

പരിസ്ഥിതി ലോല പ്രദേശങ്ങളായ നീലഗിരി ജില്ലയിലെ ഉദഗമണ്ഡലം (ഊട്ടി), ദിണ്ടിഗൽ ജില്ലയിലെ കൊടൈക്കനാൽ എന്നിവിടങ്ങളിൽ വിനോദ സഞ്ചാരത്തിന് നിയന്ത്രണം ഏർപ്പെടുത്തണമെന്നാണ് ഹൈക്കോടതി നിർദേശം.

ഹൈക്കോടതി ഉത്തരവിനെ തുടർന്ന് വാഹനങ്ങളുടെ പ്രവേശനം കുറച്ച് വിനോദസഞ്ചാരികളുടെ എണ്ണം നിയന്ത്രിക്കാൻ സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകുമെന്ന് നീലഗിരി, ദിണ്ടിഗൽ കളക്ടർമാർ അറിയിച്ചു. തിരക്കേറിയ സമയങ്ങളിൽ, വാഹനങ്ങളുടെ വരവ് പ്രതിദിനം 2,000 ൽ നിന്ന് 20,000 ആയി ഉയരുന്നു, ഇത് തിരക്കിനും പരിസ്ഥിതി നാശത്തിനും കാരണമാകുന്നുവെന്നാണ് വിലയിരുത്തൽ.

എല്ലാ വർഷവും പാഠപുസ്തകങ്ങൾ അവലോകനം ചെയ്യാൻ എൻ. സി. ഇ. ആർ. ടിയോട് ആവശ്യപ്പെട്ട് വിദ്യാഭ്യാസ മന്ത്രാലയം

ന്യൂഡൽഹി: എല്ലാ അധ്യയന വർഷത്തിന്റെയും തുടക്കത്തിൽ പുതിയ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് മുമ്പ് അവലോകനം ചെയ്യുന്നതിനും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുമുള്ള വാർഷിക സംവിധാനം ഏർപ്പെടുത്താൻ എൻ.സി.ഇ.ആർ.ടിയോട് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ആവശ്യപ്പെട്ടു. അധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് എൻ.സി.ഇ.ആർ.ടി പുതിയ പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കാറുണ്ടെങ്കിലും ഇതുവരെ പാഠപുസ്തകങ്ങളുടെ വാർഷിക അവലോകനം നിർബന്ധമാക്കിയിരുന്നില്ല.

കോവിഡ്–19 പകർച്ചവ്യാധികൾക്കിടയിൽ വിദ്യാർത്ഥികളുടെ സമ്മർദം കുറയ്ക്കുന്നതിനായി സിലബസ് പുതുക്കിയിരുന്നു. ഇതിന്റെ ഭാഗമായി 2022നും 2023നും ഇടയിൽ പാഠപുസ്തകങ്ങളിൽ വലിയ മാറ്റങ്ങൾ വരുത്തി. എല്ലാ വർഷവും അച്ചടിക്കുന്നതിന് മുമ്പ് അവ അവലോകനം ചെയ്യുകയും എന്തെങ്കിലും മാറ്റങ്ങൾ വരുത്തുകയോ പുതിയ ചില വസ്തുതകൾ കൂട്ടിച്ചേർക്കുകയോ ചെയ്യേണ്ടതുണ്ടെങ്കിൽ അവ പുസ്തകങ്ങളിൽ ഉൾപ്പെടുത്തണം. ഉദാഹരണത്തിന് വികസിച്ചുകൊണ്ടിരിക്കുന്ന നിർമിതബുദ്ധി പോലുള്ള വിഷയങ്ങൾ.

പുസ്തകങ്ങൾ വർഷം തോറും അവലോകനം ചെയ്യണമെന്ന് മന്ത്രാലയം എൻ.സി.ഇ.ആർ.ടിയോട് പറഞ്ഞിട്ടുണ്ട്. അവർ ഉടൻ തന്നെ ആ സംവിധാനം ഏർപ്പെടുത്തും. പുതിയ അധ്യയന വർഷത്തിനുമുമ്പ് ഒരു വിദ്യാർത്ഥി പുസ്തകം വാങ്ങുമ്പോൾ അത് ആ പുസ്തകത്തിന്റെ പുതുക്കിയ പതിപ്പായിരിക്കണം എന്നത് പ്രധാനമാണെന്നും സംഭവത്തെക്കുറിച്ചറിവുള്ള ഒരു ഉദ്യോഗസ്ഥൻ പറഞ്ഞു.

എൻ.സി.ഇ.ആർ.ടി ഈ വർഷം ചരിത്രം, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി പാഠപുസ്തകങ്ങളിൽ ചില പ്രധാന മാറ്റങ്ങൾ വരുത്തുകയും ബാബ്രി മസ്ജിദ്, ഹിന്ദുത്വ രാഷ്ട്രീയം, 2002ലെ ഗുജറാത്ത് കലാപം, ന്യൂനപക്ഷങ്ങൾ എന്നിവയെക്കുറിച്ചുള്ള ചില പരാമർശങ്ങൾ ഒഴിവാക്കുകയും ആർട്ടിക്കിൾ 370 റദ്ദാക്കിയതിനെക്കുറിച്ചുള്ള പരാമർശങ്ങൾ ചേർക്കുകയും ചെയ്തിരുന്നു.

ഞാൻ പേടിച്ച് ഓടിപ്പോകില്ല': ലൈംഗിക വീഡിയോ വിവാദത്തിൽ എച്ച്ഡി രേവണ്ണ

ബെംഗളൂരു: കർണാടകയിലെ ഹാസനിലെ ലോക്സഭാ സ്ഥാനാർഥിയുമായ പ്രജ്വൽ രേവണ്ണക്കെതിരായ ലൈംഗികാരോപണം ഗൂഢാലോചനയാണെന്ന് പിതാവും കർണാടക എംഎൽഎയും ജനതാദൾ (സെക്കുലർ) നേതാവുമായ എച്ച്ഡി രേവണ്ണ. 'അശ്ലീല വീഡിയോകൾ'ക്ക് നാലോ അഞ്ചോ പഴക്കമുള്ളതാണെന്നും താൻ 'പേടിച്ച് ഓടിപ്പോകില്ല' എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കർണാടകയിലെ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിന് രണ്ട് ദിവസം മുമ്പാണ് പ്രജ്വല് രേവണ്ണയുടെ ഒന്നിലധികം ലൈംഗിക വീഡിയോകൾ പുറത്തുവന്നത്. പരാതിയിൽ സംസ്ഥാന വനിതാ കമ്മീഷൻ ഇടപെട്ടതിന് പിന്നാലെ കർണാടക സർക്കാർ എസ്.ഐ.ടി അന്വേഷണം പ്രഖ്യാപിച്ചിരുന്നു. മുൻ പ്രധാനമന്ത്രിയും ജെ.ഡി.എസ് ആചാര്യനുമായ എച്ച്.ഡി ദേവഗൗഡയുടെ കൊച്ചുമകനാണ് പ്രജ്വൽ രേവണ്ണ. ലൈംഗികാരോപണങ്ങൾക്ക് പിന്നാലെ ജർമ്മനിയിലേക്ക് കടന്നിരിക്കുകയാണ് ഹാസനിലെ സിറ്റിങ് എം.പി കൂടിയായ പ്രജ്വൽ. പ്രജ്വലിന് പുറമെ പിതാവായ ഹോലെനാർസിപുര എം.എൽ.എയായ എച്ച്ഡി രേവണ്ണക്കെതിരെയും ലൈംഗിക പരാതികൾ ഉയർന്നിട്ടുണ്ട്.

പ്രജ്വലിനെതിരായ പാർട്ടി നടപടിയെക്കുറിച്ച് രേവണ്ണ പ്രതികരിച്ചു. പാർട്ടിയിൽ നിന്ന് പുറത്താക്കുന്നത് സംബന്ധിച്ച തീരുമാനം പാർട്ടി ഹൈക്കമാൻഡിന് വിടുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. പ്രജ്വലിനെ പുറത്താക്കാൻ ജെഡിഎസ് ആലോചിക്കുന്നതായി റിപ്പോർട്ടുകളുണ്ടായിരുന്നു. പ്രജ്വലിനെതിരെ നിയമപരമായി സർക്കാർ അന്വേഷണം നടക്കട്ടെയെന്നും രേവണ്ണ പറഞ്ഞു.

അമേഠിയിലേക്കില്ല; രാഹുൽ ഗാന്ധി റായ്ബറേലിയിൽ മത്സരിച്ചേക്കും, റിപ്പോർട്ട്

ന്യൂഡൽഹി: കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി വയനാടിനു പുറമേ, യുപിയിലെ റായ് ബറേലിയിൽ നിന്നും ലോക്സഭയിലേക്ക് മത്സരിച്ചേക്കും. അതേസമയം സഹോദരി പ്രിയങ്ക ഗാന്ധി ഇത്തവണ ലോക്സഭയിലേക്ക് മത്സരിക്കില്ലെന്നാണ് സൂചന. രാഹുൽ കഴിഞ്ഞ തവണ മത്സരിച്ച അമേഠിയിൽ നെഹ്രു കുടുംബത്തിന്റെ ബന്ധു ഷീല കൗളിന്റെ കൊച്ചുമകൻ സ്ഥാനാർത്ഥിയായേക്കുമെന്നാണ് ദി ന്യൂ ഇൻഡ്യൻ എക്സ്പ്രസ് റിപ്പോർട്ടു ചെയ്യുന്നത്.

രാഹുലും പ്രിയങ്കയും യുപിയിലെ അമേഠിയിലും റായ് ബറേലിയിലും മത്സരിക്കുമോയെന്ന അനിശ്ചിതത്വം നിലനിൽക്കെയാണ് പുതിയ റിപ്പോർട്ടുകൾ. ഇരുവരും മത്സരിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ കോൺഗ്രസ് നേതൃത്വം പ്രസിഡന്റ് മല്ലികാർജുൻ ഖാർഗെയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. രണ്ടു ദിവസത്തിനുള്ളിൽ സ്ഥാനാർത്ഥിത്വത്തിൽ അന്തിമ തീരുമാനം ഉണ്ടായേക്കുമെന്നാണ് സൂചന.നെഹ്രു കുടുംബപരമ്പരാഗതമായി മത്സരിക്കുന്ന സീറ്റുകളാണ് അമേഠിയും റായ് ബറേലിയും. സോണിയാഗാന്ധിയാണ് കഴിഞ്ഞ തവണ വരെ റായ്ബറേലിയിൽ നിന്നും വിജയിച്ചത്. ആരോഗ്യപരമായ കാരണ

'പുൾ ഷോട്ട് ഇങ്ങനെ'– എതിർ ടീമിലെ യുവ താരത്തെ ബാറ്റിങ് പഠിപ്പിച്ച് പോണ്ടിങ്

കൊൽക്കത്ത: വളർന്നു വരുന്ന യുവ ബാറ്റർമാരിൽ ശ്രദ്ധേയനാണ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് താരം അംഗ്കൃഷ് രഘുവംശി. ഇന്നലെ ഡൽഹി ക്യാപിറ്റൽസിനെതിരായ പോരാട്ടത്തിനു പിന്നാലെ ഡൽഹി പരിശീലകനും ഇതിഹാസ ഓസ്ട്രേലിയൻ ബാറ്ററുമായ റിക്കി പോണ്ടിങ്ങിന്റെ ബാറ്റിങ് ക്ലാസ് താരത്തിനു ലഭിച്ചു. ഇതിന്റെ വീഡിയോ ഇപ്പോൾ വൈറലാണ്.

അണ്ടർ 19 ലോകകപ്പിൽ ഏറ്റവും കൂടുതൽ റൺസടിച്ച താരമാണ് അംഗ്കൃഷ്. പിന്നാലെയാണ് താരം ഐപിഎല്ലിൽ എത്തിയത്. കിട്ടിയ അവസരം മുതലാക്കാൻ താരത്തിനു സാധിച്ചിരുന്നു.കളിക്കുന്ന കാലത്ത് റിക്കി പോണ്ടിങ് അടിച്ച പുൾ ഷോട്ടുകൾ ഏറെ പ്രശസ്തമാണ്. പുൾ ഷോട്ടുകൾ കളിക്കുന്നതിന്റെ ബാറ്റിങ് പാഠങ്ങളാണ് ഓസീസ് ഇതിഹാസ യുവ താരത്തിനു പകർന്നു നൽകിയത്. പോണ്ടിങിന്റെ ഉപദേശത്തിൽ ബാറ്റിങ് രാകി മിനുക്കി ടീമിൽ സ്ഥാനമുറപ്പിക്കാനുള്ള ശ്രമത്തിലാണ് യുവ താരം.പോണ്ടിങിനെ പോലെയുള്ള ഇതിഹാസങ്ങൾ ഇന്ത്യയിലെ വളർന്നു വരുന്ന താരങ്ങൾക്കായി സമയം ചെലവിടുന്നതും അവർക്ക് ബാറ്റിങ് തന്ത്രങ്ങൾ മനസിലാക്കി കൊടുക്കുന്നതും പ്രശംസയർഹിക്കുന്നതാണെന്നു ആരാധകർ ചൂണ്ടിക്കാട്ടുന്നു.

മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസിനെതിരെ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ഏഴ് വിക്കറ്റിന്റെ ജയം ആഘോഷിച്ചു. ആദ്യം ബാറ്റ് ചെയ്ത ഡൽഹി 9 വിക്കറ്റ് നഷ്ടത്തിൽ 153 റൺസെടുത്തപ്പോൾ കൊൽക്കത്ത 16.3 ഓവറിൽ 3 വിക്കറ്റ് മാത്രം നഷ്ടത്തിൽ 157 റൺസെടുത്തു വിജയം സ്വന്തമാക്കി.

ഐഎസ്എൽ; ഗോവയെ തകർത്ത് മുംബൈ സിറ്റി എഫ്സി ഫൈനലിൽ

മുംബൈ: ഇന്ത്യൻ സൂപ്പർ ലീഗിൽ മോഹൻ ബഗാൻ സൂപ്പർ ജയന്റ്– മുംബൈ സിറ്റി എഫ്സി ഫൈനൽ. രണ്ടാം സെമിയിൽ എഫ്സി ഗോവയെ വീഴ്ത്തി മുംബൈ സിറ്റി ഫൈനലുറപ്പിച്ചതോടെയാണ് ചിത്രം തെളിഞ്ഞത്. മെയ് നാലിനാണ് ഫൈനൽ പോരാട്ടം.ഇരു പാദങ്ങളിലായി നടന്ന സെമിയിൽ മുംബൈ സിറ്റി– എഫ്സി ഗോവയെ 5–2നു തകർത്താണ് ഫൈനലുറപ്പിച്ചത്. ആദ്യ പാദത്തിൽ എവേ പോരിൽ 3–2ന്റെ വിജയം പിടിച്ച മുംബൈ ഇന്നലെ രണ്ടാം പാദത്തിൽ 2–0ത്തിനു വിജയം കണ്ടു.

ആദ്യ പകുതി ഗോൾ രഹിതമായപ്പോൾ രണ്ട് ഗോളുകളും രണ്ടാം പകുതിയിലാണ് പിറന്നത്. മുംബൈക്കായി ജോർജ് പെരേര ഡയസ്, ലാലിയൻസുല ചങ്തെ എന്നിവർ ഗോൾ നേടി.

കളിയുടെ 69ാം മിനിറ്റിലാണ് ഡയസിലൂടെ മുംബൈ ഗോവ പ്രതിരോധം പൊളിച്ചത്. 83ാം മിനിറ്റിൽ ചങ്തെയും വല ചലിപ്പിച്ചു. ഗോവയുടെ ഭാഗത്തു നിന്നു കാര്യമായ മുന്നേറ്റമുണ്ടായില്ല. ഒരു തവണ മാത്രമാണ് അവർ ലക്ഷ്യത്തിലേക്ക് ഷോട്ടുതിർത്തത്.

2020–21 സീസണിലെ ഫൈനൽ പോരാട്ടത്തിന്റെ ആവർത്തനമാണ് ഇത്തവണ. അന്ന് മുംബൈ സിറ്റി മോഹൻ ബഗാൻ സൂപ്പർ ജയന്റിനെ (അന്ന് എടികെ മോഹൻ ബഗാൻ) വീഴ്ത്തിയാണ് തങ്ങളുടെ കന്നി കിരീടം സ്വന്തമാക്കിയത്. മോഹൻ ബഗാൻ നിലവിലെ ചാമ്പ്യൻമാർ കൂടിയാണ്. മുംബൈ സിറ്റിയോടു കണക്കു തീർത്ത് കിരീടനേട്ടം ആവർത്തിക്കുകയാണ് അവരുടെ ലക്ഷ്യം.

സ്ട്രൈക്ക് റേറ്റല്ല,വേണ്ടത് സിംഹത്തിന്റെ കരളുറപ്പ്; കോഹ്ലിയെ പിന്തുണച്ച് മുഹമ്മദ് കൈഫ്

ഡൽഹി: 17ാം ഐപിഎല്ലിൽ റൺ വേട്ടക്കാരിൽ ഒന്നാമതാണ് വിരാട് കോഹ്ലി. 10 മത്സരങ്ങളിൽ നിന്നായി 500 റൺസാണ് സമ്പാദ്യം. മികച്ച ഫോമിൽ ബാറ്റ് വീശുമ്പോഴും വിരാട് കോഹ്ലിയെ വിമർശിച്ച് മുൻ ഇന്ത്യൻ താരങ്ങളടക്കം രംഗത്തെത്തുകയാണ്. താരത്തിന്റെ മോശം സ്ട്രൈക്ക് റേറ്റ് ഊന്നിയാണ് ചോദ്യങ്ങൾ ഉന്നയിക്കുന്നത്.



അതേസമയം, വിരാടിനെതിരായ വിമർശനങ്ങളെ തള്ളി രംഗത്തെത്തിയിരിക്കുകയാണ് മുൻ ഇന്ത്യൻ താരം മുഹമ്മദ് കൈഫ്. കഴിഞ്ഞ ടി20 ലോകകപ്പിൽ ഹാരിസ് റൗഫിനെ കോഹ്ലി പറത്തിയ സിക്സർ ഓർമിപ്പിച്ചാണ് കൈഫ് സമൂഹ മാധ്യമങ്ങളിൽ പിന്തുണയുമായെത്തിയത്. 'സ്ട്രൈക്ക് റേറ്റ് മാത്രമല്ല ടി20 ക്രിക്കറ്റെന്ന് കോഹ്ലി വീണ്ടും തെളിയിക്കുന്നു. തിങ്ങിനിറഞ്ഞ മെൽബൺ ക്രിക്കറ്റ് ഗ്രൗണ്ടിൽ ഹാരിസ് റൗഫിനെ ലോകകപ്പിൽ സിക്സർ പറത്താനും കളി ഫിനിഷ് ചെയ്യാനും വേണ്ടത് സിംഹത്തിന്റെ കരളാണ്. അല്ലാതെ സ്ട്രൈക്ക് റേറ്റല്ല. ഈ ഐപിഎൽ സീസണിലും കോഹ്ലി അതേ ഫോമിലാണ്.–കൈഫ് എക്സിൽ കുറിച്ചു.

മുൻ ഇന്ത്യൻ താരം സുനിൽ ഗവാസ്കർ താരത്തിന്റെ സ്ട്രൈക്ക് റേറ്റിനെ വിമർശിച്ച് രംഗത്തെത്തിയിരുന്നു. ഗുജറാത്ത് ടൈറ്റൻസിനെതിരായ ജയത്തിന് ശേഷം വിമർശകർക്ക് ചുട്ട മറുപടിയുമായി മുൻ ഇന്ത്യൻ നായകൻ രംഗത്തെത്തുകയും ചെയ്തു. 'എന്റെ സ്ട്രൈക്ക്റേറ്റ് കുറവെന്നും സ്പിന്നിനെതിരെ നന്നായി കളിക്കുന്നില്ലെന്നും പറയുന്നവർക്ക് അതിൽ ആനന്ദമുണ്ടാകും. എന്നെ സംബന്ധിച്ച് ടീമിനെ വിജയത്തിലെത്തിക്കുകയെന്നതാണ് പ്രധാനം. പോയ 15 വർഷമായി ചെയ്തുകൊണ്ടിരിക്കുന്നത് അതാണ്. ആളുകൾക്ക് കളിയെകുറിച്ച് അവർത്ത് തോന്നുന്നത് പറയാമെന്നും കമന്ററി ബോക്സിലിരിക്കുന്നവർക്ക് ഗ്രൗണ്ടിലെ സാഹചര്യം അറിയണമെന്നില്ലെന്നും കോഹ്ലി പറഞ്ഞു.

സീസണിൽ 500 റൺസുമായി കുതിക്കുകയാണ് താരം. പത്തുമത്സരങ്ങളിൽ നിന്നായി 147.49 സ്ട്രൈക്ക് റേറ്റിലാണ് ബാറ്റുവീശിയത്.

ഡൽഹിയെ അനായാസം വീഴ്ത്തി; പ്ലേ ഓഫിലേക്ക് അടുത്ത് കൊൽക്കത്ത

കൊൽക്കത്ത: ഐപിഎല്ലിൽ ഡൽഹി ക്യാപിറ്റൽസിനെ തകർത്ത് പ്ലേ ഓഫിലേക്ക് അടുത്ത് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്. ഏഴ് വിക്കറ്റ് ജയമാണ് കൊൽക്കത്ത ആഘോഷിച്ചത്. ആദ്യം ബാറ്റ് ചെയ്ത ഡൽഹിയുടെ പോരാട്ടം 20 ഓവറിൽ ഒൻപത് വിക്കറ്റ് നഷ്ടത്തിൽ 153 റൺസിൽ അവസാനിപ്പിച്ച കൊൽക്കത്ത 16.3 ഓവറിൽ മൂന്ന് വിക്കറ്റുകൾ മാത്രം നഷ്ടത്തിൽ 157 റൺസെടുത്താണ് വിജയം ഉറപ്പിച്ചത്.

33 പന്തിൽ അഞ്ച് സിക്സും ഏഴ് ഫോറും സഹിതം 68 റൺസെടുത്ത ഓപ്പണർ ഫിൽ സാൾട്ടിന്റെ ബാറ്റിങാണ് കൊൽക്കത്തയ്ക്ക് ജയം അനായാസമാക്കിയത്. 23 പന്തിൽ മൂന്ന് ഫോറും ഒരു സിക്സും സഹിതം 33 റൺസുമായി ക്യാപ്റ്റൻ ശ്രേയസ് അയ്യരും 23 പന്തിൽ രണ്ട് ഫോറും ഒരു സിക്സും സഹിതം 26 റൺസെടുത്ത് വെങ്കടേഷ് അയ്യരും പുറത്താകാതെ നിന്നു കൂടുതൽ നഷ്ടങ്ങളില്ലാതെ ടീമിനെ വിജയത്തിലെത്തിച്ചു. സുനിൽ നരെയ്ൻ (15), റിങ്കു സിങ് (11) എന്നിവരാണ് പുറത്തായ മറ്റ് ബാറ്റർമാർ.

ഡൽഹിക്കായി അക്ഷർ പട്ടേൽ രണ്ട് വിക്കറ്റുകൾ വീഴ്ത്തി. ശേഷിച്ച ഒരു വിക്കറ്റ് ലിസാഡ് വില്ല്യംസിനാണ്.ആദ്യം ബാറ്റ് ചെയ്ത ഡൽഹിയുടെ മുൻനിര ബാറ്റർമാർക്ക് തിളങ്ങാനാകത്തത് തിരിച്ചടിയായി. 26 പന്തിൽ ഒരു സിക്സും അഞ്ച് ഫോറും സഹിതം 35 റൺസെടുത്തു പുറത്താകാതെ നിന്ന സ്പിന്നർ കുൽദീപ് യാദവിന്റെ അവസരോചിത ബാറ്റിങാണ് ഈ നിലയിലേക്ക് അവരുടെ സ്കോർ എത്തിച്ചത്. 20 പന്തിൽ 27 റൺസ് നേടിയ ഋഷഭ് പന്താണ് ഡൽഹിക്കായി പിടിച്ചു നിന്ന മറ്റൊരു താരം.

ടോസ് നേടി ബാറ്റിങ്ങിനിറങ്ങിയ ഡൽഹിയുടെ ബാറ്റർമാർ പ്രതീക്ഷിച്ച ഫോമിലേക്ക് ഉയർന്നില്ല. 68 റൺസെടുക്കുന്നതിനിടെ നാല് മുൻനിര ബാറ്റർമാരെയാണ് ഡൽഹിക്ക് നഷ്ടമായത്. പൃഥ്വി ഷാ(13), ജാക്ക് ഫ്രേസർ(12), ഷായ് ഹോപ്പ്(6),അഭിഷേക് പൊറേൽ(18) എന്നിവരാണ് പുറത്തായത്.68ന് നാല് എന്ന നിലയിൽ നിന്ന് ബാറ്റിങ് താളം കണ്ടെത്തിയ ഡൽഹി 93 റൺസിൽ അഞ്ചാമത്തെ വിക്കറ്റും വഴങ്ങി തൊട്ടടുത്ത ഓവറിൽ സ്റ്റബ്സ് പുറത്തായി. പിന്നീട് 101 ന് 7, 111 ന് 8,140 ന് 9 എന്നിങ്ങനെ വിക്കറ്റുകൾ വീണു.കൊൽക്കത്തയ്ക്കായി വരുൺ ചക്രവർത്തി മൂന്നും അറോറ,റാണ എന്നിവർ രണ്ട് വീതം വിക്കറ്റുകളും മിച്ചൽ സ്റ്റാർക്കും സുനിൽ നരേനും ഒരോ വിക്കറ്റും വീഴ്ത്തി.

ക്യാപ്റ്റൻസി ഇല്ലെങ്കിലും ധോണി ക്യാപ്റ്റൻ ആണ് എന്ന് ബ്രെറ്റ് ലീ

എം എസ് ധോണി ഇപ്പോഴും ചെന്നൈ സൂപ്പർ കിംഗ്സിൽ ക്യാപ്റ്റനെ പോലെയും തന്നെ ആണെന്ന് മുൻ ഓസ്ട്രേലിയൻ പേസർ ബ്രെറ്റ് ലീ.

ധോണിക്ക് ക്യാപ്റ്റൻ എന്ന ബാഡ്ജ് വേണ്ട ക്യാപ്റ്റൻ ആകാൻ എന്നും ബ്രെറ്റ് ലീ പറയുന്നു.

"അദ്ദേഹത്തിന് ക്യാപ്റ്റൻസി ബാഡ്ജ് ലഭിച്ചില്ലെങ്കിലും, എന്തു തന്നെയായാലും, അവൻ എപ്പോഴും ഒരു ക്യാപ്റ്റനായിരിക്കും.

ഞാൻ ഇത് വളരെ ബഹുമാനത്തോടെയാണ് പറയുന്നത്, ഇപ്പോൾ കളിക്കുന്ന കുട്ടികളിൽ പലർക്കും അവൻ ഒരു ഫാദർ ഫിഗർ ആണ്. എല്ലാവരും അവനെ സ്നേഹിക്കുന്നു, ജനക്കൂട്ടം അവനെ സ്നേഹിക്കുന്നു. അവൻ ഇപ്പോഴും കളി നിയന്ത്രിക്കുന്നു." ബ്രെറ്റ് ലീ ധോണിയെ കുറിച്ച് പറഞ്ഞു.

"ധോണി ഏറ്റവും മികച്ച സ്ഥലത്താണെന്ന് തോന്നുന്നു. അവൻ സ്റ്റമ്പിന് പിന്നിലുണ്ട്, പന്ത് എവിടേക്കാണ് പോകുന്നതെന്ന് കൃത്യമായി അവിടെ നിന്ന് മനസ്സിലാക്കുന്നു, ഫീൽഡ് അറിയുന്നു. അവൻ ഇത്രയും വർഷമായി അത് ചെയ്തു, തീർച്ചയായും, അവൻ ഇപ്പോഴും നിയന്ത്രിക്കുന്നു." ബ്രെറ്റ് ലീ പറഞ്ഞു.

അലക്സിസ് സാഞ്ചസ് ഈ സീസണോടെ ഇന്റർ മിലാൻ വിടും

ചിലിയൻ താരം അലക്സിസ് സാഞ്ചസ് ഈ സീസൺ അവസാനം ഇന്റർ മിലാൻ വിടും. സാഞ്ചസിന്റെ കരാർ അടുത്ത മാസത്തോടെ അവസാനിക്കുക ആണ്. താരം ഫ്രീ ഏജന്റായാകും ക്ലബ് വിടുക. ഒരു ഇടവേളക്ക് ശേഷം ഈ സീസൺ തുടക്കത്തിൽ ആയിരുന്നു സാഞ്ചസ് വീണ്ടും ഇന്റർ മിലാനിൽ എത്തിയത്. സാഞ്ചസ് ഇന്റർ മിലാനൊപ്പം ലീഗ് കിരീടം നേടുകയും ചെയ്തു. ഈ സീസണിൽ 20ൽ അധികം മത്സരങ്ങൾ സാഞ്ചസ് ഇന്ററിനായി കളിച്ചിരുന്നു.മുമ്പ് ആഴ്സണൽ, ബാഴ്സലോണ, മാഞ്ചസ്റ്റർ യുണൈറ്റഡ് എന്നീ വലിയ ക്ലബുകളിൽ എല്ലാം കളിച്ചിട്ടുള്ള താരമാണ് സാഞ്ചസ്. ഇന്റർ മിലാനായി നേരത്തെ മൂന്ന് വർഷത്തിനിടയിൽ നൂറോളം മത്സരങ്ങൾ സാഞ്ചസ് കളിച്ചിരുന്നു. ആദ്യ സ്പെല്ലിൽ ഇന്ററിനൊപ്പം സീരി എ കിരീടം ഉൾപ്പെടെ മൂന്ന് കിരീടങ്ങൾ നേടുകയും ചെയ്തു.

വേനലവധി ഓഫറുകളുമായി ദുബായ് ടൂറിസം

ചുട്ടുപൊള്ളുന്ന വേനൽ സൂര്യൻ ജ്വലിക്കുമ്പോൾ, സാഹസികതയിൽ വിട്ടുവീഴ്ച ചെയ്യാതെ ചൂടിൽ നിന്ന് രക്ഷപ്പെടാമെന്ന് വാഗ്ദാനം ചെയ്യുന്ന ഇൻഡോർ അത്ഭുതങ്ങളുടെ ഒരു ശേഖരവുമായി ദുബായ് വിളിക്കുന്നു. വിസ്മയിപ്പിക്കുന്ന ആകർഷണങ്ങൾ മുതൽ സാംസ്കാരിക പര്യവേക്ഷണങ്ങളും വരെ, ദുബായ് നിങ്ങളെ എല്ലാ സീസണിലും വിനോദവും പ്രബുദ്ധതയും സുഖകരമായ തണുപ്പും നിലനിർത്തുന്നതിന് ഇൻഡോർ പ്രവർത്തനങ്ങളുടെ സമൃദ്ധി വാഗ്ദാനം ചെയ്യുന്നു. ദുബായുടെ ഹൃദയഭാഗത്തുള്ള സമൃദ്ധമായ ഉഷ്ണമേഖലാ മഴക്കാടായ ഗ്രീൻ പ്ലാനറ്റ് മുവായിരത്തിലധികം ഇനം സസ്യങ്ങളുടെയും ജന്തുക്കളുടെയും ആവാസ കേന്ദ്രമാണ്. ഇവിടെ സന്ദർശകർക്ക് പ്രകൃതിയുടെ അത്ഭുതങ്ങളിൽ മുഴുകാനുള്ള അതുല്യമായ അവസരം ലഭിക്കും. ദുബായ് ഡോൾഫിനേറിയത്തിൽ ഡോൾഫിനുകളുടെ അക്രോബാറ്റിക് സ്റ്റണ്ടുകളും കളിയായ കോമാളിത്തരങ്ങളും കണ്ടു ആസ്വദിക്കുവാൻ നിങ്ങൾക്ക് സാധിക്കും. ഇത് മുഴുവൻ കുടുംബത്തിനും അവിസ്മരണീയമായ ഇൻഡോർ സാഹസികത സൃഷ്ടിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ ഇൻഡോർ തീം പാർക്കായ ഐഎംജി വേൾഡ്സ് ഓഫ് അഡ്വഞ്ചറിൽ ത്രസിപ്പിക്കുന്ന റൈഡുകൾ, പ്രിയപ്പെട്ട കാർട്ടൂൺ കഥാപാത്രങ്ങൾ തുടങ്ങിയവ എല്ലാ പ്രായത്തിലുമുള്ള സന്ദർശകർക്ക് അനന്തമായ ആവേശം വാഗ്ദാനം ചെയ്യും. പുരാതന അറ്റ്ലാന്റിസ് ജീവൻ പ്രാപിക്കുന്ന ലോസ്റ്റ് ചേംബർ അക്വേറിയത്തിലെ വെള്ളത്തിനടിയിലൂടെയുള്ള യാത്രയിലൂടെ സ്രാവുകൾ, കിരണങ്ങൾ, വർണ്ണാഭമായ മത്സ്യങ്ങൾ എന്നിങ്ങനെയുള്ള സമുദ്ര ജീവികളെ അടുത്ത് കാണാനും ആസ്വദിക്കുവാനും സാധിക്കും. നിങ്ങൾ പരിചയസമ്പന്നനായ മുങ്ങൽ വിദഗ്ധനോ കൗതുകമുള്ള തുടക്കക്കാരനോ ആകട്ടെ ലോകത്തിലെ ഏറ്റവും ആഴമേറിയ ഇൻഡോർ ഡൈവിംഗ് പൂളായ ഡീപ് ഡൈവ് ദുബായിയിൽ മുങ്ങിപ്പോയ നഗരദൃശ്യങ്ങളും വിസ്മയിപ്പിക്കുന്ന ആഴങ്ങളും നിറഞ്ഞ വെള്ളത്തിനടിയിലെ കാഴ്ചകൾ ഒരു അസാധാരണ അനുഭവം പ്രദാനം ചെയ്യും.

കാലാതീതമായ ഗോൾഫ് കായികവിനോദവുമായി അത്യാധുനിക സാങ്കേതിക വിദ്യകൾ സമ്മേളിക്കുന്ന ടോപ്ഗോൾഫ് ദുബായിൽ കാലാവസ്ഥാ നിയന്ത്രിത ഹിറ്റിംഗ് ബേകളും രുചികരമായ ഭക്ഷണ പാനീയങ്ങളും ചടുലമായ അന്തരീക്ഷവും ഉള്ളതിനാൽ ഗോൾഫ് പ്രേമികൾക്കും കാഷൽ കളിക്കാർക്കും ഒരുപോലെ അനുയോജ്യമായ ഇൻഡോർ ഡെസ്റ്റിനേഷനാണിത്. വൈൽഡ് പെയിന്റ് ഹൗസിൽ സ്പ്ലാറ്റ്, സ്പിൻ, പവർ, സ്വിംഗ്, നിയോൺ, ഗ്രാഫിറ്റി എന്നിങ്ങനെ ആറ് തനതായ പ്രവർത്തനങ്ങളിലൂടെ, ഊർജ്ജസ്വലമായ സ്റ്റുഡിയോ അന്തരീക്ഷത്തിൽ നിങ്ങളുടേതായ മാസ്റ്റർപീസുകൾ സൃഷ്ടിക്കുവാൻ നിങ്ങൾക്ക് അവസരം ലഭിക്കും. നൂതന സാങ്കേതികവിദ്യയിലൂടെയും സംവേദനാത്മക പ്രദർശനങ്ങളിലൂടെയും കല ജീവസുറ്റതാക്കുന്ന ആർട്ടെ മ്യൂസിയത്തിലെ സർഗ്ഗാത്മകതയുടെയും ഭാവനയുടെയും വിസ്മയിപ്പിക്കുന്ന ഇൻസ്റ്റാളേഷനുകൾ മുതൽ മനസ്സിനെ വളച്ചൊടിക്കുന്ന ഒപ്റ്റിക്കൽ മിഥ്യാധാരണകൾ വരെ, ഈ മ്യൂസിയം നിങ്ങളുടെ ഇന്ദ്രിയങ്ങളെ ജ്വലിപ്പിക്കുകയും നിങ്ങളുടെ ചക്രവാളങ്ങൾ വികസിപ്പിക്കുകയും ചെയ്യുന്ന കലാപരമായ കണ്ടെത്തലിന്റെ ഒരു യാത്ര വാഗ്ദാനം ചെയ്യുന്നു.

ചാമ്പ്യൻസ് ലീഗ് സെമി, റയൽ മാഡ്രിഡ് ഇന്ന് ബയേണെ നേരിടാൻ ജർമ്മനിയിൽ

യുവേഫ ചാമ്പ്യൻസ് ലീഗിൽ ഇന്ന് ആദ്യ സെമിഫൈനലിൽ ബയേൺ മ്യൂണിക് റയൽ മാഡ്രിഡിനെ നേരിടും. ജർമ്മനിയിൽ വച്ച് നടക്കുന്ന മത്സരം ഇന്ന് രാത്രി 12.30നാണ് ആരംഭിക്കുക. കളി സോണി നെറ്റ്വർക്കിൽ തത്സമയം കാണാനാകും.

ക്വാർട്ടർ ഫൈനലിൽ മാഞ്ചസ്റ്റർ സിറ്റിയെ പരാജയപ്പെടുത്തിക്കൊണ്ടാണ് റയൽ മാഡ്രിഡ് സെമിയിലേക്ക് വരുന്നത്. ഹോം ഗ്രൗണ്ട് ആയതുകൊണ്ടു മുൻതൂക്കം ബയേണാകും. എന്നാൽ മികച്ച ഫോമിലാണ് റയൽ മാഡ്രിഡ് ഉള്ളത്. ലാലിഗ കിരീടം ഏതാണ്ട് ഉറപ്പിച്ച റയൽ മാഡ്രിഡ് മികച്ച ആത്മവിശ്വാസത്തോടെ ആകും ഇറങ്ങുക.

ബയാണാകട്ടെ ബുണ്ടസ്ലീഗ കിരീടം നഷ്ടപ്പെട്ടതിനാൽ ചാമ്പ്യൻസ് ലീഗ് മാത്രമാണ് അവരുടെ പ്രതീക്ഷ. ആഴ്സണലിനെ പരാജയപ്പെടുത്തിയിരുന്നു അവർ സെമി ഫൈനലിലേക്ക് മുന്നേറിയത്.

ചേളന്നൂർ അമ്പലത്തുകുളങ്ങര ആശ്രയ റെസിഡൻസ് അസോസിയേഷൻ പ്രസിഡണ്ടായി ഷിബുദാസ്.പി.പി, സെക്രട്ടറിയായി പ്രമോദ് കുമാർ.കെ, വൈസ്. പ്രസിഡന്റ്, സുരേഷ് ജോസഫ്, ജോയിൻ സെക്രട്ടറി ഗോപാല കൃഷ്ണൻ, ട്രഷറർ രാജീവ് സി. പി എന്നിവരെ തെരഞ്ഞെടുത്തു.

RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.